# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD-15/439/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 01/04/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD-15/439/2022 തീയ്യതി: 01/04/2022

## പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-01-2020 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 19-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് എ.ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷർഫുദ്ദീൻ എസ്.എച്ച്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ.കെ.വി സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രവീന്ദ്രനാഥൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 20-12-2020 |
| ശ്രീമതി. രാധ മുരളി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.ബാബു.ഒ.എ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി രാം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വിദ്യ.കെ.കെ | അസി. എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ.പ്രവീൺ.കെ.പി | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ.സുമയ്യ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജിഷ.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 15-09-2020 |
| ഡോ.ചിത്രിമ ശീതൾ | വെറ്ററിനറി സർജ്ജൻ | 16-09-2020 | 31-03-2021 |
| ശ്രീ.കൃഷ്ണകുമാരൻ.എം.വി. | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.ബിന്റോ.ടി.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 18-02-2021 |
| ശ്രീ.വെങ്കിടാചലം.ടി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-02-2021 | 31-03-2021 |
| ശ്രീമതി.പ്രമീളകെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്മിത.കെ | അസി.സെക്രട്ടറി | 01-04-2020 | 13-04-2020 |
| ഒഴിവ് | അസി.സെക്രട്ടറി | 14-04-2020 | 15-06-2020 |
| ശ്രീമതി.രേണുകാദേവി.ആർ | അസി.സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീ.റമീസ് പി മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 15-06-2020 |
| ശ്രീമതി.ബീന.എം.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-06-2020 | 13-01-2021 |
| ശ്രീമതി.രാധിക.പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 14-01-2021 | 31-03-2021 |
| ഡോ.ശ്രീജ.കെ.വി | മെഡിക്കൽ ഓഫീസർ | 01-04-2020 | 07-03-2021 |

| | | | |
|---|---|---|---|
| | (ആയുർവ്വേദം) | | |
| ഡോ.ഹജീഷ്.പി.സി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 08-03-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.V.Rajan (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 08-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: A B Suresh (Asst. Audit Officer, On 31-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: K.V.Rajan (Senior Grade Auditor, On 14-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: A B Suresh (Asst. Audit Officer, On 08-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-10 |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി - തുടർ നടപടികൾ സ്വീകരിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-11 |
| 13 | കാലഹരണപ്പെട്ട തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടണം<br>Written By: K.V.Rajan (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-12 |
| 14 | ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 08-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-13 |
| 15 | ലൈസൻസ് നൽകൽ-ചട്ട പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: K.V.Rajan (Senior Grade Auditor, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-14 |
| 16 | ലൈസൻസ് അപേക്ഷകളിലെ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-14-1 |
| 17 | ഫാക്ടിയോസ് ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള | 1-14-2 |

| | | |
|---|---|---|
| | സത്യവാങ്മൂലം സ്വീകരിക്കുന്നില്ല<br>Written By: K.V.Rajan (Senior Grade Auditor, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | |
| 18 | എം എസ് എം ഇ കളുടെ വസ്തുനികുതി നിർണ്ണയം - തുടർനടപടികൾ സ്വീകരിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-15 |
| 19 | കടമുറികളുടെ വാടക -ചട്ട പ്രകാരമുളള നടപടികൾ സ്വീകരിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-16 |
| 20 | തൊഴിൽ നികുതി പിരിവ് - കാര്യക്ഷമമാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-17 |
| 21 | അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 07-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-18 |
| 22 | ബധിരർക്ക് ശ്രവണ സഹായി ഉപകരണം-മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 07-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-19 |
| 23 | ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 07-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-20 |
| 24 | സംയുക്ത പ്രോജക്റ്റുകൾക്കുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 07-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-06-2022) | 1-21 |
| 25 | സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്<br>Written By: A B Suresh (Asst. Audit Officer, On 08-02-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 08-06-2022) | 1-22 |
| 26 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല<br>Written By: A B Suresh (Asst. Audit Officer, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-23 |
| 27 | കോവിഡ് പ്രതിരോധം-അവലോകനം<br>Written By: A B Suresh (Asst. Audit Officer, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-24 |
| 28 | ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 11-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-25 |
| 29 | കുടിവെള്ള കണക്ഷൻ- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി വിഹിതം ചെലവഴിച്ചു<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 08-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-25-1 |
| 30 | കുടിവെള്ള കണക്ഷൻ ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 11-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-25-2 |
| 31 | ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം<br>Written By: K.V.Rajan (Senior Grade Auditor, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-06-2022) | 1-26 |
| 32 | പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത നികുതികൾ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് നാളിതുവരെയും അടവാക്കിയിട്ടില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 08-02-2022) | 1-27 |

| | | |
|---|---|---|
| | Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | |
| 33 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ- ലഘു അവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 08-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-28 |
| 34 | മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ ധനസഹായം നൽകിയില്ല<br>Written By: K.V.Rajan (Senior Grade Auditor, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-29 |
| 35 | സ്റ്റാന്റിംഗ് ഡിസബിലിറ്റി ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.V.Rajan (Senior Grade Auditor, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-30 |
| 36 | പാലിന് സബ്സിഡി പ്രൊജക്ട് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു<br>Written By: K.P.Ramakrishnan (Asst. Audit Officer, On 07-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-31 |
| 37 | സാന്ത്വനം- പാലിയേറ്റീവ് പരിചരണ പദ്ധതി-മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 07-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 25-05-2022) | 1-32 |
| 38 | എസ്.എസ്.എ വിഹിതം - ചെലവിനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 31-05-2022) | 1-33 |
| 39 | തൊഴിൽ രഹിത വേതനം - അനർഹരായ ഗുണഭോക്താക്കൾക്ക് നൽകി<br>Written By: A B Suresh (Asst. Audit Officer, On 10-02-2022)<br>Last Updated By: A B Suresh (Asst. Audit Officer, On 10-02-2022) | 1-34 |
| 40 | അനർഹരായ ഗുണഭോക്താകൾക്ക് തൊഴിൽ രഹിത വേതനം നൽകി<br>Written By: A B Suresh (Asst. Audit Officer, On 10-02-2022)<br>Last Updated By: N Satheesan (Deputy Director, On 26-03-2022) | 1-34-1 |
| 41 | ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ രേഖകൾ സ്വീകരിക്കാതെ തൊഴിൽ രഹിത വേതനം വിതരണം നടത്തി<br>Written By: A B Suresh (Asst. Audit Officer, On 10-02-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 10-02-2022) | 1-34-2 |
| 42 | പെൻഷൻ വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം<br>Written By: A B Suresh (Asst. Audit Officer, On 10-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 07-03-2022) | 1-35 |
| 43 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്ട് നിർവ്വഹണം ക്രമ പ്രകാരമല്ല<br>Written By: A B Suresh (Asst. Audit Officer, On 10-02-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 03-03-2022) | 1-36 |
| 44 | അസാധാരണ ചെലവുകൾ-രജിസ്റ്റർ പരിപാലിച്ചിട്ടില്ല<br>Written By: A B Suresh (Asst. Audit Officer, On 10-02-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 10-02-2022) | 1-37 |
| 45 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവുകൾക്ക വിരുദ്ധം<br>Written By: A B Suresh (Asst. Audit Officer, On 10-02-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 03-03-2022) | 1-38 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കുടിവെള്ള കണക്ഷൻ- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി | 3-1 |

| | | |
|---|---|---|
| | വിഹിതം ചെലവഴിച്ചു<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 08-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-06-2022) | |
| 2 | അനർഹരായ ഗുണഭോക്താക്കൾക്ക് തൊഴിൽ രഹിത വേതനം നൽകി - ചെലവ് രൂ.14400.00 നിരാകരിക്കുന്നു<br>Written By: A B Suresh (Asst. Audit Officer, On 10-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-06-2022) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 31-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 20-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 10-02-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 07-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 08-06-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

20-03-2020 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2020-21വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

20-03-2020 ലെതീരുമാനം നം. 1(1)പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---:|
| പ്രാരംഭ ബാക്കി | 2550000.00 |
| തൻവർഷം വരവ് | 268530075.00 |
| ആകെ വരവ് | 271080075.00 |
| ചെലവ് | 269479624.00 |
| നീക്കിയിരിപ്പ് | 1600451.00 |

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 10.06.2021 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. സാക്ഷരതാ പ്രേരക്മാർക്ക് മുൻകൂർ ആയി നൽകിയ ഓണറേറിയം തുക വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ (Schedule: B-18) തിരികെ ലഭിക്കാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടില്ല (AFS R&P Statement Schedule 47 ൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം R&P Schedule 11 ൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്

2 പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ വരവ്- ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4.സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ട് പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17812328 |
| വരവ് | 97623232 |
| ആകെ | 115435560 |
| ചെലവ് | 100400296 |
| നീക്കിയിരിപ്പ് | 15035264 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12407594 | 12407594 | 12407594 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 13487253 | 13487253 | 13081791 | 405462 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 16390000 | 16390000 | 16373388 | 16612 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 3716032 | 3716032 | 3716032 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied& Untied) | 0 | 16686163 | 16686163 | 10103356 | 6582807 |
| സ്വഛ ഭാരത് മിഷൻ ഗ്രാന്റ് (കേന്ദ്രം) | 3245 | 160000 | 163245 | 115037 | 48208 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 543413 | 2639688 | 3183101 | 241368 | 2941733 |
| ICDS | 677149 | 885325 | 1562474 | 987082 | 575392 |
| ലൈഫ്-സംസ്ഥാന വിഹിതം | 0 | 200000 | 200000 | 200000 | 0 |

തൻവർഷത്തിൽ ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകളുടെ വിവരങ്ങൾ

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 244/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 533980 | വികസന ഫണ്ട് (ജനറൽ) |
| 2 | 246/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 533981 | വികസന ഫണ്ട് (ജനറൽ) |

| | | | |
|---|---|---|---|
| 3 | 245/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി | 14627 | വികസന ഫണ്ട് (എസ്.സി.പി) |
| 4 | 247/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി | 14628 | വികസന ഫണ്ട് (എസ്.സി.പി) |
| | ആകെ | 1097216 | |
| 5 | 248/21 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 379600 | വികസന ഫണ്ട് (ജനറൽ) |
| 6 | 249/21 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 379600 | വികസന ഫണ്ട് (ജനറൽ) |
| 7 | 250/21 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 379600 | വികസന ഫണ്ട് (ജനറൽ) |
| | ആകെ | 1138800 | |

ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകൾ ഉൾപ്പെടെയുള്ള വരവുചെലവുകൾ

| | | | |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | ACR പ്രകാരം വരവ് | Source ൽ കുറവു ചെയ്തത് | യഥാർത്ഥ വരവ് |
| | 12407594 | 2206761 | 14614355 |
| | ACR പ്രകാരം ചെലവ് | Source ൽ കുറവു ചെയ്തത് | യഥാർത്ഥ ചെലവ് |
| | 12407594 | 2206761 | 14614355 |
| വികസന ഫണ്ട് (എസ്.സി.പി) | ACRപ്രകാരം വരവ് | Source ൽ കുറവുചെയ്തത് | യഥാർത്ഥ വരവ് |
| | 13487253 | 29255 | 13516508 |
| | ACR പ്രകാരം ചെലവ് | Source ൽ കുറവു ചെയ്തത് | യഥാർത്ഥ ചെലവ് |
| | 13081791 | 29255 | 13111046 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 135454061 | 147 | 71666151 | 0 | 71 | 67 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 11191483 | 9023366 | 80.63 |
| വെറ്ററിനറി സർജൻ | 1 | 1 | 40000 | 40000 | 100 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 600000 | 598160 | 99.69 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 1 | 315842 | 300000 | 94.98 |
| മെഡിക്കൽ | 1 | 1 | 264000 | 264000 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ-ഹോമിയോ | | | | | |
| വി.ഇ.ഒ | 17 | 11 | 42563181 | 8410072 | 19.76 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 2840000 | 2706234 | 95.29 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 850000 | 650000 | 76.47 |
| സെക്രട്ടറി | 30 | 22 | 7480534 | 5725445 | 76.54 |
| ഹെഡ്മാസ്റ്റർ | 5 | 4 | 3592481 | 2898419 | 80.68 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 137 | 87 | 58297740 | 36649755 | 62.87 |
| അസി.സെക്രട്ടറി | 10 | 6 | 7418800 | 4400700 | 59.32 |
| ആകെ | 218 | 147 | 135454061 | 71666151 | 52.91 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 388561 | 6654773 | 7043334 | 7003923 | 39411 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33607408 | 33607408 | 33607408 | 0 |
| ആകെ | 388561 | 40262181 | 40650742 | 40611331 | 39411 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21240 | 59 |
| കർഷകതൊഴിലാളി പെൻഷൻ | 9415600 | 105 |
| വിധവാപെൻഷൻ | 18384800 | 597 |
| വാർദ്ധക്യകാലപെൻഷൻ | 25706200 | 1682 |
| വികലാംഗപെൻഷൻ | 5157900 | 149 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1900900 | 620 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-01-2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5770 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി

ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും എല്ലാ രജിസ്റ്ററുകളിലും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാനുവലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട് . വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റ നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാനുവലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെയുള്ള വാങ്ങലുകൾ ഒഴിവാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും , ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച | ഗുരുതരമായ ഓഡിറ്റ് |
|---|---|---|---|---|---|---|

| | | നടത്തിയ തീയ്യതി | | തീയ്യതി | പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22.12.2021 | 01.11.2021 മുതൽ 30.11.2021 | 06.07.22 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-11-2015 മുതൽ 5-12-2015 വരെ | 2010-11 മുതൽ 2014-15 വരെ | 11-1-2016 | ഇല്ല |

1-11 മൊബൈൽ ടവറുകളുടെ വസ്തു നികുതി - തുടർ നടപടികൾ സ്വീകരിക്കണം

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെ 4 ടവറുകളുടെ നികുതി നിർണ്ണയം സംബന്ധിച്ചുള്ള അപാകങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | വാർഷിക വസ്തുനികുതി | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 1 | 4/414 (ഈസ്റ്റ് പരുത്തിപ്പുള്ളി പൂതാട്ടുകുളം മെയിൻ റോഡ്) | ഇൻഡസ് ടവർ ലിമിറ്റഡ്, വങ്കരത്ത് ടവർ പടിവട്ടം, കൊച്ചിൻ | 8663.00 | കുറഞ്ഞതരം മേൽക്കൂര എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് അനുവദിച്ചുമൂലം ഗ്രാമ പഞ്ചായത്തിന് 2013-14 മുതൽ പ്രതി വർഷം 750 രൂപ +ലൈബ്രറി സെസ്സ് നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ ടവറിന്റെ വിസ്തീർണ്ണം ഭൗതിക പരിശോധന നടത്തി പുനർനിർണ്ണയിക്കേണ്ടതും, തെറ്റായി വസ്തു നികുതി നിർണ്ണയിച്ചതു മൂലമുണ്ടായ നഷ്ടം ഈടാക്കേണ്ടതുമാണ് |
| 2 | 10/460 (പെരിങ്ങോട്ടു കുറിശ്ശി ആയകുറിശ് ശിറോഡ്) | ഐഡിയ കമ്മ്യൂണികേഷൻ ലിമിറ്റഡ്, ഫോർത്ത് ഫ്ലോർ മേഴ്സി എസ്റ്റേറ്റ് രവിപുരം,കൊച്ചി | 7797.00 | കുറഞ്ഞതരം മേൽക്കൂര എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് അനുവദിച്ചുമൂലം ഗ്രാമ പഞ്ചായത്തിന് 2013-14 മുതൽ പ്രതി വർഷം 825 രൂപ +ലൈബ്രറി സെസ്സ് നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ ടവറിന്റെ വിസ്തീർണ്ണം ഭൗതിക പരിശോധന നടത്തി പുനർനിർണ്ണയിക്കേണ്ടതും, തെറ്റായി വസ്തു നികുതി നിർണ്ണയിച്ചതു മൂലമുണ്ടായ നഷ്ടം ഈടാക്കേണ്ടതുമാണ് |
| 4 | 10/539 (പെരിങ്ങോട്ടു കുറിശ്ശി ആയകുറിശ്ശി | വോഡഫോൺ, സെല്ലുലാർ ലിമിറ്റഡ് | 2310.00 | ടവറിന്റെ വിസ്തീർണ്ണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഭൗതിക പരിശോധന റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | റോഡ്) | | | ലഭ്യമാക്കേണ്ടതാണ്. |
| 4 | 13/124 (പെരുങ്ങോട്ടുകുറുശ്ശി പഴമ്പാലക്കോട് റോഡ്) | ഡിവിഷണൽ എഞ്ചിനീയർ, ബി എസ് എൻ എൽ | 11340.00 | ഈ ടവറിന് 2013-14 മുതൽ 2020-21 വർഷം വരെ രൂ.94500.00 (90000.00+ 4500.00 LC) കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും, ടവറിന്റെ വിസ്തീർണ്ണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഭൗതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. |

മൊബൈൽ ടവറുകളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ പരിഹരിക്കുന്നതിനും, അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.14 ലെ 40395/ആർസി2/2014/ത.സ്വ.ഭ.വ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 കാലഹരണപ്പെട്ട തുകകൾ തനത്ഫണ്ടിലേക്ക് മുതൽകൂട്ടണം

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) അനുസരിച്ച് മൂന്ന് വർഷം കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ അഡ്ജസ്റ്റ് ചെയ്യാത്ത ഡെപ്പോസിറ്റുകളുടെ വർഷം, ഇനം എന്നിവ തിരിച്ചുള്ള സംക്ഷിപ്തം ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ ഭൂരിഭാഗം തുകകളും 3 വർഷം കഴിഞ്ഞിട്ടുള്ളവയാണ്. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | കോഡ് നം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇ എം ഡി | 340100101 | 53082.00 |
| 2 | സപ്ലയേഴ്സ് ഇ എം ഡി | 340100102 | 30500.00 |
| 3 | ബിഡ്ഡേഴ്സ് ഇ എം ഡി | 340100103 | 29500.00 |
| 4 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 340100201 | 5000.00 |
| 5 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 340100202 | 26250.00 |
| 6 | ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 340100203 | 110000.00 |
| 6 | കോൺട്രാക്ടേഴ്സ് റിറ്റൻഷൻ | 340100301 | 135631.00 |
| 7 | സപ്ലയേഴ്സ്റിറ്റൻഷൻ | 340100302 | 32687.00 |
| 8 | മറ്റ് ഡെപ്പോസിറ്റുകൾ | 340109901 | 5500.00 |
| 9 | റെന്റ് ഡെപ്പോസിറ്റ് | 340200101 | 68495.00 |
| 10 | ഓക്ഷൻ ഡെപ്പോസിറ്റ് | 340200102 | 67200.00 |

| | | | |
|---|---|---|---|
| 11 | ഓഡിറ്റോറിയം,ഹാൾ ഡെപ്പോസിറ്റ് | 340200106 | 28500.00 |
| 12 | ഇലക്ഷൻ ഡെപ്പോസിറ്റ് | 340200107 | 44500.00 |
| 13 | മറ്റുള്ളവരിൽ നിന്നും ലഭിച്ച ഡെപ്പോസിറ്റുകൾ | 340800101 | 500.00 |
| | | ആകെ | 637345.00 |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും, മേൽ പട്ടികയിലെ കാലഹരണപ്പെട്ട തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പെരിങ്ങോട്ടുകുറുശ്ശി ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനീയറുടെ പേരിൽ പെരിങ്ങോട്ടുകുറുശ്ശി SBI-ൽ ആരംഭിച്ചിട്ടുള്ള 37227202463 എന്ന അക്കൗണ്ട് നമ്പരിൽ ആണ് ഇ-ടെണ്ടർ ഫീസ് നിലവിൽ ക്രഡിറ്റ് ചെയ്യുന്നത്. 31.03.2021 വരെ ആകെ 123872 (225496-101624) രൂപയാണ് പ്രസ്തുത ഇനത്തിൽ വരവുള്ളത് . എന്നാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (23/27-01-2022) ക്ക് ഉടനെ തിരിച്ചടക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന തുകകൾ അതത് സാമ്പത്തിക വർഷം അവസാനം തന്നെ ഗ്രാമപഞ്ചായത്തിലേക്ക് കൈമാറേണ്ടതാണ്.

1-14 ലൈസൻസ് നൽകൽ-ചട്ട പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഫാക്ടിയോസ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്യുമ്പോൾ ചട്ട പ്രകാരമുള്ള നടപടിക്രമങ്ങളിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്. അവ തുടർ ഖണ്ഡികകളായി ചേർക്കുന്നു

1-14-1 ലൈസൻസ് അപേക്ഷകളിലെ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കണം

ലൈസൻസ് അപേക്ഷകളിലെ നിബന്ധനകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സ.ഉ(കൈ)നം.6/2019/പരി. തിയതി 27-11-2019 പ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് 1-1-2020 മുതൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിൽ എല്ലാ തരത്തിലുമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അവയുടെ കനം നോക്കാതെ നിരോധിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് അപേക്ഷകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് സ്വീകരിക്കുന്നത്. അപേക്ഷകളിലെ വ്യവസ്ഥകൾ കാലാനുസൃതമായി പുതുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം നം 27/28.1.22)

## 1-14-2 ഫാക്ടറിയോസ് ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം സ്വീകരിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കലിനുള്ള അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല. ഏതാനും അപേക്ഷകളോടൊപ്പം വിവിധ രേഖകൾ ( വാടക കരാർ, മറ്റ് സാക്ഷ്യ പത്രങ്ങൾ മുതലായവ) ലഭ്യമാക്കി സൂക്ഷിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഭാവിയിൽ ലൈസൻസ് പുതുക്കി നൽകുകയുള്ളൂ എന്ന് ഓഡിറ്റ് അന്വേഷണത്തിന് (27/28.1.22) മറുപടിയായി അറിയിച്ചിട്ടുണ്ട്. ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 എം എസ് എം ഇ കളുടെ വസ്തുനികുതി നിർണ്ണയം - തുടർനടപടികൾ സ്വീകരിക്കണം

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം.36/2015/ത.സ്വ.ഭ.വ തിയതി 24-02-2015) പ്രകാരം എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങൾക്കുള്ള കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപന പ്രകാരം ഗ്രാമ പഞ്ചായത്തിൽ എം.എസ്.എം.ഇ കൾക്ക് ച.മീറ്ററിന് 20 രൂപ അടിസ്ഥാന നിരക്ക നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിക്കപ്പെടുന്നില്ല. എംഎം.എസ്.എം.ഇ ഡെവലപ്മെന്റ് ആക്റ്റ്, 2006 പ്രകാരം കേന്ദ്ര MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തതും ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ളതുമായ വ്യവസായ സ്ഥാപനങ്ങൾക്കാണ് എം.എസ്.എം.ഇ കൾക്കുള്ള നിരക്കിന് അർഹതയുള്ളത്. ഈ വിഭാഗത്തിൽ താഴെ പറയുന്ന 5 സ്ഥാപനങ്ങൾക്ക് നികുതി ഇളവ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| Sl.No | Building ID | Door No. | Owner Name | Address | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 5085701 0001361 | 2/332 | K.P. Sasikumar | Agricultural Marketting Processing Coperative Soceity | "കെട്ടിടത്തിന്റെ ഉപയോഗക്രമ ത്തിന്റെ വിവരണം" സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 2 | 5085701 0009429 | 4/176 | Muhammed Usman | Udumal Rice Mill | "കെട്ടിടത്തിന്റെ ഉപയോഗക്രമ ത്തിന്റെ വിവരണം" സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 3 | 5085701 0011044 | 4/727 | Ambujakshi | Ayarottupura | - |
| 4 | 5085701 0009711 | 5/549 | Abdul Rasak And Others | Yarathinkal House | "കെട്ടിടത്തിന്റെ ഉപയോഗക്രമ ത്തിന്റെ വിവരണം" സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 5 | 5085701 0010912 | 12/734 | Vinod, Sudhiya | Mannilthodi, Mannilthodi | "കെട്ടിടത്തിന്റെ ഉപയോഗക്രമ ത്തിന്റെ വിവരണം" സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല |

മേൽ എം എസ് എം ഇ കളുടെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സർട്ടിഫിക്കറ്റ് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പുതുതായി സ്ഥാപിക്കുന്ന MSME കളുടെ കാര്യത്തിൽ 2019 ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് പ്രകാരം നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച് കൈപ്പറ്റ സാക്ഷ്യപത്രം ലഭ്യമാക്കുകയാണെങ്കിൽ വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്നു വർഷം വരെ അവയെ ഒഴിവാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് എന്നിവയിൽ നിന്നും ഇതനുസരിച്ചുള്ള ഒഴിവ് ലഭിക്കുന്നതാണ്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ നിയമാനുസൃതം ലഭിക്കേണ്ട നികുതികൾ നിർണ്ണയിച്ച് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-16 കടമുറികളുടെ വാടക -ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം

2020-21 വർഷത്തെ വാടക വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനുള്ള ബൈലോയുടെ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ കടമുറികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | പെരിങ്ങോട്ടുകുറിശ്ശി ഷോപ്പിംഗ് കോംപ്ലക്സ് | പരുത്തിപ്പുള്ളി ഷോപ്പിംഗ് കോംപ്ലക്സ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| ആകെ മുറികളുടെ എണ്ണം | 13 | 9 | 9 | 31 |
| പ്രവർത്തനക്ഷമമായാവയുടെ എണ്ണം | 13 | 9 | 9 | 31 |
| വാടകക്ക് നല്കിയവയുടെ എണ്ണം | 13 | 9 | 7 | 29 |
| ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം | 0 | 0 | 2 | 2 |
| പട്ടിക ജാതി / പട്ടിക വർഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |
| ഭിന്നശേഷി വിഭാഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |
| വിധവകൾക്കുള്ള സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10പ്രകാരം

പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ /സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടിയും, സംവരണം ചെയ്തു നൽകേണ്ടതാണ്. ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. 2020-21 വർഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും , സംവരണം ചെയ്യപ്പെട്ട മുറികളിലെ ലൈസൻസികളുടെ പേര്, വിലാസം, മറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 4/19.1.22 ന് പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട 3 പേർക്കും ഭിന്നശേഷി വിഭാഗത്തിലുൾപ്പെട്ട 2 പേർക്കും കടമുറികൾ അനുവദിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3) വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
4) വാടകക്കാരുമായി 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ ചമച്ചിട്ടില്ല.
ഓഡിറ്റ് നിർദ്ദേശങ്ങൾ

എ) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

ബി) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആകെ കടമുറികളുടെ 10 ശതമാനവും, ഭിന്ന ശേഷി വിഭാഗങ്ങൾക്ക് ആകെ കടമുറികളുടെ 3 ശതമാനവും സംവരണം ചെയ്ത് പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടതാണ്.

സി) വാടകക്കാരുമായി 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ ചമക്കേണ്ടതണ്.

ഡി) വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയും, സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

സി) ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം മുഖേന കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 തൊഴിൽ നികുതി പിരിവ് - കാര്യക്ഷമമാക്കണം

2020-21 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകളുടെ പരിശോധന നടത്തി. തൊഴിൽ നികുതി പിരിവിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചു വരികയും ചെയ്യുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. |
|---|---|---|
| 1 | പി വൈ കെ ഫുഡ്സ് & ബിവറേജസ് പ്രൈ. ലി | 5/383 |
| 2 | ആർ എ എം ഫ്യുവൽസ് | 10/334 |

| | | |
|---|---|---|
| 3 | സി കെ എം സൺസ് തിയ്യേറ്റർ | - |
| 4 | Jams Granites Pvt Ltd Quarry | 15/437 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ബി) റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിനായി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്.

## 1-18 അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം പ്രൊജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ അമൃതം ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, കുത്തന്നൂർ (GSTIN-32AAXFA8615QIZO) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | 88/21 അനുപൂരക പോഷകാഹാരം (ജനറൽ) | 35/20 അനുപൂരക പോഷകാഹാരം (എസ്.സി.പി) |
|---|---|---|
| അടങ്കൽ | വികസന ഫണ്ട് 800000 | വികസന ഫണ്ട് 500000 |
| | കേന്ദ്ര വിഹിതം 1000000 | - |
| | ആകെ 1800000 | ആകെ 500000 |
| ചെലവ് | വികസന ഫണ്ട് 794573 | 409579 |
| | കേന്ദ്ര വിഹിതം 987082 | - |
| | ആകെ 1781655 | 409579 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ | |

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ബിൽ നമ്പർ & തീയതി | തുക | ഇൻ വോയിസ് നമ്പർ / തീയതി | അമൃതം ഫുഡ്സ് @70/ Kg | തുക |
|---|---|---|---|---|---|
| 1 | 02/21-5.6.20 | 259090 | 607/2.3.20 | 792 | 55440 |
| | | | 616/1.4.20 | 792 | 55440 |

| | | | | | |
|---|---|---|---|---|---|
| 2 | 5/21-10.7.20 | 132704 | 635/1.6.20 | 792 | 55440 |
| 3 | 9/21-27.3.21 | 136161 | 681/8.1.21 | 780 | 54600 |
| കേന്ദ്ര വിഹിതം | | | | | |
| 4 | ചെക്ക് നം. 5352360/5.2.21 | 524961 | 654/7.9.20 | 780 | 54600 |
| | | | 658/5.10.20 | 780 | 54600 |
| | | | 666/6.11.20 | 780 | 54600 |
| | | | 670/3.12.20 | 780 | 54600 |
| 5 | ചെക്ക്നം. 5352331/14.9.20 | 277963 | 640/1.7.20 | 792 | 55440 |
| | | | 648/7.8.20 | 888 | 62160 |
| 6 | 3/21-5.6.20 | 124135 | 602/15.2.20 | 792 | 55440 |
| 7 | 4/21-5.6.20 | 126484 | 628/4.5.20 | 792 | 55440 |
| 8 | | | | ആകെ | 667800 |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനും, സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/19.01.2022) സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ റിട്ടേണുകൾ ഹാജരാക്കുകയും, ഭാവിയിൽ സ്രോതസിൽനിന്നും നികുതി കിഴിവ് ചെയ്യുന്നതാണെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ബിൽ തുക അനുവദിക്കുമ്പോൾ തന്നെ നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 ബധിരർക്ക് ശ്രുവണ സഹായി ഉപകരണം-മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല

പെരിങ്ങോട്ടുകുർശി ഗ്രാമപഞ്ചായത്തിലെ ബധിരരായവർക്ക് മെഡിക്കൽ ഓഫീസർമാരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ കേൾവിശക്തി ലഭിക്കുന്നതിനുള്ള ഉപകരണം വാങ്ങി വികലാംഗ ക്ഷേമം ഉറപ്പുവരുത്തുക എന്നതാണ് പ്രൊജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് (സ്പിൽ ഓവർ) | 107/21 ബധിരർക്ക് ശ്രുവണ സഹായി ഉപകരണം |
|---|---|
| അടങ്കൽ | 460000 രൂപ വികസന ഫണ്ട് |
| ചെലവ് | 460000 രൂപ |
| ബിൽ നം. | 01/21- 21.04.2020 – 460000 രൂപ |
| ഇൻവോയ്സ് നം. | PKDBC/0000308/07.03.2019 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഭിന്നശേഷിക്കാരുടെ അർഹതാ നിർണ്ണയം നടത്തുന്നതിന് 07.11.2018 ന് മെഡിക്കൽ ക്യാമ്പ് നടത്തുകയും 88 പേർ പങ്കെടുക്കുകയും ഉപകരണങ്ങൾ ആവശ്യമായ 65 പേരുടെ ലിസ്റ്റ് സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസർ സമർപ്പിച്ച KSIE യുടെ 12.12.2018 ലെ KSIE/PKD/592/18-19 നം പ്രോഫോർമ്മ ഇൻവോയ്സ് പരിഗണിച്ച് 14.01.2019 ലെ 1 (5) നം.ഭരണ സമിതി തീരുമാന പ്രകാരം KSIE യിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 9 പേർക്ക് Profound Class Digital Multi Channal BTE Hearing Aid (@ 18990 രൂപ ഒന്നിന്), 4 പേർക്ക് Severe Class Digital Multi Channal BTE Hearing Aid (@ 14835

രൂപ) എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

KSIE യ്ക്ക് സർക്കാരുമായുള്ള റേറ്റ് കോൺട്രാക്ട് 25.04.2018 മുതൽ 24.04.2019 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ള സ്റ്റോർ പർചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ 22.02.2018 ലെ SPDR/2018/00013 നം.ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള സാധനങ്ങളുടെ ലിസ്റ്റിൽ കേൾവി ശക്തി ഉപകരണങ്ങൾ ഉൾപ്പെടുന്നില്ല.

സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.4 (1) ൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ, വികലാംഗ ക്ഷേമ കോർപ്പറേഷനിൽനിന്നോ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷനിൽനിന്നോ വാങ്ങാവുന്നതാണെന്നും, ഖണ്ഡിക 7.1.4 (3) ടെണ്ടർ കൂടാതെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങളും, കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങളും, വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാങ്ങലിന് വികലാംഗ ക്ഷേമ കോർപ്പറേഷനേയോ, കെൽട്രോണിനേയോ സമീപിച്ചതായി കാണുന്നില്ല.

സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ സർക്കാരുമായുള്ള റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഇല്ലാത്ത ഉപകരണം ടെണ്ടർ ഇല്ലാതെ നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/20.01.2022) കേൾവി ശക്തി ഉപകരണങ്ങൾ KSIE യുടെ റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെടുന്നില്ല എന്നകാര്യം ശ്രദ്ധയിൽ പെട്ടില്ല എന്നും, പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനും, കെൽട്രോണിൽനിന്നും ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതു കൊണ്ടുമാണ് KSIE യിൽനിന്നും വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* സബ്സിഡി മാർഗരേഖ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തേണ്ടതാണ്.

1-20 ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2020-21 വർഷത്തെ ലൈഫ് ഭവന നിർമാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ ഇതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | 82/21 ലൈഫ് ഭവന പദ്ധതി – എസ് സി.പി) |
|---|---|
| അടങ്കൽ | വികസന ഫണ്ട് -1840000 |
| | ബ്ലോക്ക് വിഹിതം -1068000 |
| | സംസ്ഥാന വിഹിതം-2300000- |
| | വായ്പ- 3680000 |
| | ആകെ -8888000 |
| ചെലവ് | 2020000 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | അക്കൗണ്ട് നം. | കൈപ്പറ്റിയ തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | രതദാസ് കെ.ജി S/o ഗോപാലൻ | 40688101031760 | 200000 | 200000 |

| | | | | |
|---|---|---|---|---|
| | കൊണ്ടോടത്ത് പടി ബമ്മണ്ണൂർ | | | |
| 2 | ശശികുമാർ പൂവത്തിൽ പറമ്പിൽ പിലാപ്പുള്ളി | 4337000100143624 | 40000 | 360000 |
| 3 | ബീന D/o കണ്ടൻ കല്ലൻകാട് നട്ടവത്തപ്പാറ | 40688101034229 | 200000 | 200000 |
| 4 | കമലം മൊഴിയാൻകുന്ന പറമ്പ് , നടുവത്തപ്പാറ | 4337001700081466 | 40000 | 360000 |
| 5 | ചിന്ന W/o കുഞ്ചു മാരിയിൽകാട് പരുത്തിപ്പുള്ളി | 4337001700082030 | 40000 | 360000 |
| 6 | സുന്ദരി W/o മായൻ തോട്ടക്കര പരുത്തിപ്പുള്ളി | 33979916764 | 200000 | 200000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന വിവരം അറിയിക്കേണ്ടതാണ്. സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നിർവഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് സമിതിയും പരിശോധന നടത്തിയതിന്റെ രേഖകൾ ഉണ്ടെങ്കിൽ ലഭ്യമാക്കുന്നതിനും, ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/22.01.2022) കോവിഡ് മൂലം നിർമ്മാണ പ്രവർത്തനങ്ങൾ വൈകിയതാണെന്നും, ചിന്ന W/o കുഞ്ചു മാരിയിൽകാട്, പരുത്തിപ്പുള്ളി എന്ന ഗുണഭോക്താവൊഴികെ മറ്റുള്ളവരുടെ ഭവന നിർമ്മാണം അന്തിമ ഘട്ടത്തിലാണെന്നും മറുപടി നൽകിയിട്ടുണ്ട്. ടിയാരിക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ മറ്റു സഹായങ്ങൾ ആവശ്യമാണെന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* സന്നദ്ധ സംഘടനകളുടെ സഹായം ഉപയോഗിച്ച് അവശേഷിക്കുന്ന ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

* മോണിറ്ററിംഗ് കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

1-21 സംയുക്ത പ്രോജക്ടുകൾക്കുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ സംയുക്ത പ്രൊജക്ടുകളുടെ അക്കൗണ്ട് പ്രകാരമുള്ള ചെലവുകളും, നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബിൽ ബുക്ക് പ്രകാരമുള്ള ചെലവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷിക കണക്ക് പ്രകാരമുള്ള (RP-7) വരവ് തുകയും നീക്കിയിരുപ്പിന്റെയും (B-4) വിശദാംശങ്ങൾ താഴെ ചേർക്കുന്നു. കൂടാതെ ജില്ലാപഞ്ചായത്ത് വിഹിതമായി 2015-16 ൽ ലഭിച്ച 12500 രൂപ 2015-16 വർഷം മുതൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | വരവ് (RP-7) | നീക്കിയിരുപ്പ് (B-4) |
|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 1637833 | 27285 |
| 2 | ജില്ലാപഞ്ചായത്ത് | 5010000 | 0 |
| | ആകെ | 6647833 | 27285 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് | ബിൽ ബുക്ക് പ്രകാരം | | സുലേഖ പത്രികയിൽ രേഖപ്പെടുത്തിയ ചെലവ് | |
|---|---|---|---|---|---|
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 100/21 പാൽ സബ്സിഡി | 0 | 450000 | 0 | 450000 |
| | 143/21 പാൽ സബ്സിഡി (ജനറൽ-സ്പിൽ ഓവർ) | 0 | 100000 | 0 | 100000 |
| കൃഷി ഓഫീസർ | 86/21 നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി | 1205750 | 2080000 | 1205750 | 2080000 |
| | 87/21 നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി-എസ്.സി.പി | 37083 | 100000 | 37083 | 100000 |
| | 139/21 നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി ജനറൽ -സ്പിൽ ഓവർ) | 0 | 2080000 | 0 | 2080000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 82/21 ലൈഫ് ഭവനം-എസ് സി.പി | 320000 | 0 | 320000 | 0 |
| | 192/21 ലൈഫ് ഭവനം- എസ് സി.പി -(സ്പിൽ ഓവർ) | 1312172 | 0 | 1312172 | 0 |
| | 195/21 ലൈഫ് ഭവനം- ജനറൽ -(സ്പിൽ ഓവർ) | 640000 | 760000 | 640000 | 760000 |
| ഹെഡ് | 80/21 | 75000 | 200000 | 75000 | 200000 |

| | | | | | |
|---|---|---|---|---|---|
| മാസ്റ്റർ | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | | | |
| | ആകെ | 3590005 | 5770000 | 3590005 | 5770000 |

സംയുക്ത പ്രോജക്റ്റുകളുടെ തുക ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നൽകുമ്പോൾ, നിർവ്വഹണ ഉദ്യോഗസ്ഥർ ഓതറൈസേഷനായി സെക്രട്ടറിക്ക് കൈമാറുമ്പോൾ, സെക്രട്ടറി ഓതറൈസേഷൻ നൽകുന്നതിനോടൊപ്പം 1 ൽ തുടങ്ങുന്ന അക്കൗണ്ട് ഹെഡിൽ തുക വരവ് വെക്കേണ്ടതും, 2 ൽ തുടങ്ങുന്ന അക്കൗണ്ട് ഹെഡിൽ ചെലവ് ചെയ്യേണ്ടതുമാണ്, അപ്രകാരം ചെലവ് ചെയ്യുന്ന തുക 3 ൽ തുടങ്ങുന്ന അക്കൗണ്ട് ഹെഡിൽ JV ചെയ്ത് ക്രമീകരികേകേണ്ടതുമാണ്.എന്നാൽ മാത്രമേ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ബാധ്യതയായി പ്രതിഫലിക്കുകയില്ലു. എന്നാൽ അപ്രകാരം ചെയ്തുകാണുന്നില്ല. എല്ലാ മാസത്തിലും സംയുക്ത പ്രോജക്റ്റുകളുടെ അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശം പാലിച്ചിട്ടില്ല. വാർഷിക കണക്കിലും, ചെലവു പത്രികയിലും വ്യത്യസ്ത തുകകൾ വരവ്-ചെലവ് ആയി രേഖപ്പെടുത്തി കാണുന്നു. .മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/27.01.2022) ഭാവിയിൽ സംയുക്ത പ്രോജക്ടുകളുടെ മാർഗനിർദ്ദേശങ്ങൾ പാലിച്ചുമാത്രമേ രേഖപ്പെടുത്തൽ നടത്തുകയുള്ളു എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* നാളിതുവരെയായും ചെലവഴിക്കാതെ അവശേഷിക്കുന്ന 12500 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

* സംയുക്ത പ്രോജക്ടുകളിൽ ലഭ്യമാകുന്ന തുകകൾ യഥാസമയം അതാതു ഹെഡുകളിൽതന്നെ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

* എല്ലാ മാസത്തിലും സംയുക്ത പ്രോജക്റ്റുകളുടെ അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്തേണ്ടതാണ്.

## 1-22 സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്

26-02-2021 ലെ സ.ഉ. (സാധാ).നം.626/2021/തസ്വഭവ പ്രകാരം കേരള സംസ്ഥാന സാക്ഷരത മിഷനിലെ സാക്ഷരതാ പ്രേരകിന് 2020 ഡിസംബർ മുതലുള്ള ഓണറേറിയം, സാക്ഷരതാ മിഷൻ പിന്നീട് തുക തദ്ദേശ സ്ഥാപനങ്ങൾ തിരികെ നൽകണമെന്ന വ്യവസ്ഥയോടെ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ആയതു പ്രകാരം പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രേരകിന്റെ പേര് | മാസം | തുക | വൗച്ചർ നം. & തീയതി |
|---|---|---|---|
| പ്രേമലത പി | ഡിസംബർ 2020 | 14976 | 22001205/ 23.03.2021 |
| | ജനുവരി 2021 | | |
| | ഫെബ്രുവരി | 8832 | 22001206/ 23.03.2021 |
| | ആകെ | 23808 | |

23808 രൂപ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ (Schedule: B-18) തിരികെ ലഭിക്കാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടില്ല (AFS R&P Statement Schedule 47 ൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം R&P Schedule 11 ൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്). തുക സാക്ഷരതാ

മിഷനിൽ നിന്നും ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/29.01.2022) തുക തിരികെ ലഭ്യമാകുന്നതിന് സാക്ഷരതാ മിഷന് കത്ത് നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സാക്ഷരതാ പ്രേരക്മാർക്ക് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് സാക്ഷരതാ മിഷനിൽ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

വാഹനം -

Mahindra Bolero- (രജിസ്ട്രേഷൻ നം.- KL-49-D/9999)

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം 249740 രൂപ ഇന്ധനം വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വാഹന മെയിന്റനൻസിനായി 68521 രൂപ ചെലവഴിച്ചിട്ടുണ്ട്.

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- വാഹനത്തെ സംബന്ധിച്ച് കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്
  2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
  3. റിപ്പയർ രജിസ്റ്റർ
  4. ഫ്യൂവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ച വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. റിപ്പയർ, ഫ്യൂവൽ എന്നിവയ്ക്ക് വേണ്ടിവരുന്ന ചെലവുകൾ ഒരു രജിസറ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് അപൂർണ്ണമാണ്. വാർഷിക ധനകാര്യ പത്രികയിലെ ചെലവു തുകയും രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വൗച്ചർ നമ്പർ രജിസറ്ററിൽ രേഖപ്പെടുത്തുന്നില്ല. ആകയാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.
- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.
- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.

  കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
  ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ മേൽ പറഞ്ഞ സർക്കാർ മാർഗ്ഗനിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

  മേൽ പറഞ്ഞവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/28-01-2022)

മറുപടിയായി ഓഡിറ്റ് നിർദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-24 കോവിഡ് പ്രതിരോധം-അവലോകനം

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ 2020-2021 വർഷം കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രൊജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിരുന്നില്ല. 7/2020 മുതൽ 11/2020 വരെ പെരിങ്ങോട്ടുകുർശ്ശി മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്രവർത്തിച്ചിരുന്ന കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ ചെലവുകൾ തനത് ഫണ്ട്/ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കൈമാറിയ ഫണ്ട് ഉപയോഗിച്ചാണ് നടത്തിയിരുന്നത്. ഈയിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവച്ച തുകകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മുഖാന്തിരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ സമർപ്പിച്ച് റീഇംബേഴ്സ്മെന്റായി തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. സന്നദ്ധസംഘടനകളെയും കുടുംബശ്രീ പ്രവർത്തകരെയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമ പഞ്ചായത്ത് മികച്ച രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ പൊതുവെ തൃപ്തികരമായ രീതിയിലാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി വാങ്ങിയ ഉപകരണങ്ങൾ മുതലായ പുനരുപയോഗപ്രദമായ ഉപകരണങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

### 1-25 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് നടപ്പിലാക്കിയ പദ്ധതികളിലെ അപകാതകൾ

ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് നടപ്പിലാക്കിയ പദ്ധതികളിലെ അപകാതകൾ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ഖണ്ഡികകളിൽ ചേർക്കുന്നു.

### 1-25-1 കുടിവെള്ള കണക്ഷൻ- സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പദ്ധതി വിഹിതം ചെലവഴിച്ചു

കുടിവെള്ളം ഗാർഹിക കണക്ഷനായി നൽകുന്നതിലേക്കായി 2 കുടിവെള്ള പദ്ധതികൾ തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഈ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പരും പേരും | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നം. & തീയതി | എം ബുക്ക് നം. | കരാറു കാരന്റെ പേര് |
|---|---|---|---|---|---|---|
| 1 | 65/21, ചക്കംപുറം പ്രദേശത്ത് ശുദ്ധജല വിതരണം (ജനറൽ വിഭാഗം) | 440000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 374804 | 28/ 28.03.2021 | 44/2020-21 | വിൽസൺ. ആർ |
| 2 | 71/21, ഉുവ്വക്കാട് കുടിവെള്ള വിതരണ പദ്ധതി (ജനറൽ വിഭാഗം) | 100000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 98280 | 27/ 28.03.2021 | 46/2020-21 | വിൽസൺ. ആർ |

1) ക്രമ നം.1 പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ 48 ഗുണഭോക്താക്കൾക്കും, ക്രമ നം.2 പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ 14 ഗുണഭോക്താക്കൾക്കും, ക്രമ നം.3 പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ

22 ഗുണഭോക്താക്കൾക്കും കുടിവെള്ളം ഗാർഹിക കണക്ഷനായി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ {സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീയതി.14.02.2018, ഖണ്ഡിക നം.6.6} പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നും ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് സബ്സിഡി തുക അനുവദിക്കേണ്ടത്.

ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണമെന്ന് മാർഗ്ഗരേഖയിൽ പറയുന്നുണ്ടെങ്കിലും മേൽ പ്രോജക്ടുകൾ അസിസ്റ്റന്റ് എഞ്ചിനീയർ ടെണ്ടർ മുഖേനയാണ് നടപ്പിലാക്കിയത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്ക് ചെലവായ യഥാർത്ഥ തുക സബ്സിഡിയായി അനുവദിക്കാവുന്നതാണ്. എന്നാൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷന് പരമാവധി ചെലവഴിക്കാവുന്ന തുക 5000 രൂപ (ഒരു ഗുണഭോക്താവിന്) യാണ്. കുടിവെള്ള കണക്ഷന് സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നേരിട്ട് അനുവദിക്കുന്നതിന് പകരം കരാറുകാരൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്.

2) ക്രമ നം.1, 2 എന്നിവ പ്രകാരമുള്ള ബില്ലുകൾ പരിശോധിച്ചതിൽ ഗാർഹിക കണക്ഷന് മാത്രം 6000 രൂപ നിരക്കൽ (ബില്ലിലെ സീരിയൽ നം.4 പ്രകാരമുള്ള ഇനം (Providing House Connection As Per The Previling Regulations And Rules Of Kerala Water Authority Including The Supply And Fitting) 62 (48+14) ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന തുക 5000 രൂപ വീതം മാത്രമാണ്. ബാക്കി തുക 1000 രൂപ വീതം ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം വാങ്ങി പദ്ധതി നടപ്പിലാക്കാത്തതു കാരണം പദ്ധതി ഫണ്ടിന് 62000 രൂപ (62*1000) അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ആയത് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ നേരിട്ട് ചെയ്ത് സബ്സിഡി അനുവദിക്കുന്നതിനു പകരം ഇപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ടുകൾ ടെണ്ടർ മുഖേന നടപ്പിലാക്കിയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 14/24-1-2022, 18/25-01-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിയില്ല.
(ഖണ്ഡിക 3-1 കാണുക)

1-25-2 കുടിവെള്ള കണക്ഷൻ ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല

| ക്രമ നം. | പ്രോജക്ട് നമ്പരും പേരും | അടങ്കൽ | ചെലവഴിച്ച തുക | ബിൽ/ ചെക്ക് നം. & തീയതി | എം ബുക്ക് നം. | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|
| 1 | 153/21, തോട്ടക്കര കുടിവെള്ള പദ്ധതി (സ്പിൽ ഓവർ) | 400000 (പദ്ധതി വിഹിതം-എസ്.സി.പി) | 336664 | 8/ 23.04.2020 | 6/2019-20 | വിൽസൺ. ആർ |
| 2 | 168/21, ഉുവ്വക്കാട് കുടിവെള്ള സൗകര്യം ഒരുക്കൽ ജനറൽ | 495000 (തനത് ഫണ്ട്) | 494934 | 08617/ 06.02.2021 | 69/2018-19 | വിൽസൺ. ആർ |

1) ക്രമ നം.1 പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ 22 ഗുണഭോക്താക്കൾക്കും, ക്രമ നം.2 പ്രകാരം

നടപ്പിലാക്കിയ പദ്ധതിയിൽ 65 ഗുണഭോക്താക്കൾക്കും കുടിവെള്ളം ഹൗസ് കണക്ഷനായി നൽകിയിട്ടുണ്ട്. ആയതിലേക്കായി ഭരണസമിതി അംഗീകരിച്ച തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും, ആയതിൽ കുടിവെള്ള കണക്ഷൻ ലഭിച്ചവരുടെ വിവരം ലഭ്യമായില്ല.

2) സബ്സിഡി മാർഗ്ഗരേഖ {സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ, തീയതി.14.02.2018, ഖണ്ഡിക നം.6.6} പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നും ഗാർഹിക കുടിവള്ള കണക്ഷൻ എടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കൾ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണമെന്ന് മാർഗ്ഗരേഖയിൽ പറയുന്നുണ്ടിങ്കിലും മേൽ പ്രോജക്റ്റുകൾ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാർ മുഖേനയാണ് നടപ്പിലാക്കിയത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്ക് ചെലവായ യഥാർത്ഥ തുക സബ്സിഡിയായി അനുവദിക്കാവുന്നതാണ്. എന്നാൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷന് പരമാവധി ചെലവഴിക്കാവുന്ന തുക 5000 രൂപ (ഒരു ഗുണഭോക്താവിന്) യാണ്. കുടിവെള്ള കണക്ഷന് സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നേരിട്ട് അനുവദിക്കുന്നതിന് പകരം കരാറുകാരൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനും, സബ്സിഡി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തി (14/24-01-2022, 29/28-01-2022) ന് മറുപടി ലഭ്യമാക്കിയില്ല.

## 1-26 ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2014 ൽ ആരംഭിച്ച പാർട്ട് ടൈം ഗ്രന്ഥശാലയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1225 പുസ്തകങ്ങളുണ്ട്. പഞ്ചായത്തിലെ സ്ഥിരം തസ്തികയിൽ ജോലിചെയ്യുന്ന പാർട്ട് ടൈം ലൈബ്രേറിയനാണ് ഗ്രന്ഥശാലയുടെ നടത്തിപ്പ് ചുമതല. ഗ്രന്ഥശാലയുടെ പ്രവർത്തനം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1)പഞ്ചായത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 25075 ആണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ലൈബ്രറിയിൽ കേവലം 34 അംഗങ്ങളാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തിലെ പ്രദേശത്ത് പൗരന്മാർക്കിടയിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനും , ഗ്രന്ഥശാല ഉപയോഗപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്ത് നടത്തുന്നില്ല.

2)ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കായി ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല. കൂടാതെ ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗ്രന്ഥശാല കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

3)കേരള ഗ്രന്ഥശാല സംഘത്തിന്റെ അഫിലിയേഷൻ നേടുന്നതിനും, ലൈബ്രറി പ്രവർത്തന ഗ്രാന്റ് ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4) "ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് " ഖണ്ഡിക 6.5.9 പ്രകാരം പാർട്ട് ടൈം ഗ്രന്ഥശാലകളുടെ പ്രവർത്തനസമയം ഉച്ചകഴിഞ്ഞ് 3.30 മുതൽ വൈകുന്നേരം 7.30 വരെയുള്ള സമയമാണ്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള സമയക്രമം പാലിക്കേണ്ടതാണ്

5)2019-20, 2020-21 വർഷങ്ങളിൽ ഗ്രന്ഥ ശാലയിലേക്ക് പുതിയ പുസ്തങ്ങൾ വാങ്ങുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ ഗ്രന്ഥശാലക്കുവേണ്ടി വാങ്ങുന്നുണ്ടെങ്കിലും പൊതുജനങ്ങൾ

ഇവ ഉപയോഗപ്പെടുത്തുന്നില്ല. പത്രങ്ങൾ, ആനുകാലികങ്ങൾ ആവശ്യകതയനുസരിച്ച് മാത്രം വാങ്ങേണ്ടതാണ്

7)പ്രവേശന രജിസ്റ്റർ, പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, പുസ്തക വിതരണ രജിസ്റ്റർ, പത്ര – മാസികകളുടെ രജിസ്റ്റർ, പ്രതിമാസ വരിസംഖ്യ രജിസ്റ്റർ എന്നിവ കാലികമാക്കുന്നതിനും, വാർഷിക പരിശോധന നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല.

8) ലൈബ്രറി രശീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നടപടിക്രമങ്ങൾ പാലിച്ച് വിതരണം നടത്തേണ്ടതാണ്.

പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി പ്രവേശിക്കുവാൻ കഴിയുന്ന സ്ഥലത്തേക്ക് ഗ്രന്ഥശാല മാറ്റുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതും, ഓഡിറ്റ് നിരീക്ഷണങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത നികുതികൾ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് നാളിതുവരെയും അടവാക്കിയിട്ടില്ല

2019-20, 2020-21 വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത ഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് നിർവ്വഹണം നടത്തിയ പദ്ധതികളിൽ കരാറുകാരന് തുക നൽകിയപ്പോൾ ബില്ലിൽ നിന്നും കുറവ് ചെയ്ത നികുതികൾ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് നാളിതുവരെയും അടവാക്കിയിട്ടില്ല. പ്രവൃത്തികൾ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേരും നമ്പരും | അടങ്കൽ | ചെലവഴിച്ച തുക & ചെക്ക് നം./ തീയതി | എം ബുക്ക് നം. | കരാറുകാരന്റെ പേര് |
|---|---|---|---|---|
| 120/20, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ (സ്പിൽ ഓവർ) | 20,00,000 (കേന്ദ്രവിഷ്കൃതം- സുചിത്വ മിഷൻ) | 1996755 (622023/ 09.01.2020) | 73/18-19(C) | കെ.വി. രമേഷ് |
| 179/21, പരുത്തിപ്പള്ളിയിലെ കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ രണ്ടാം ഘട്ടം (സ്പിൽ ഓവർ) | 1675440 (675440-പ്ലാൻ ഫണ്ട്-ജനറൽ, തനത് ഫണ്ട്- 1000000) | 16075440 (675440-29/ 27.05.2020, Ch.No.08237/ 22.03.2021- 543780, Ch.No.5352329/ 11.09.2020- 383300) | 73/19(D) | സുനിൽ. ടി.ഒ |

മേൽ പദ്ധതികൾക്ക് തുക ചെലവഴിച്ചതിൽ താഴെ പറയുന്ന ബില്ലുകളുടെ മുഴുവൻ തുകയും സെക്രട്ടറി എ.ഇ.യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. എന്നാൽ എ.ഇ നികുതികൾ ഒഴികെയുള്ള തുക മാത്രമാണ് ചെലവഴിച്ചത്. ബില്ലിൽ നിന്നും കുറവ് ചെയ്ത തുകകൾ നാളിതുവരെയും ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് (No.37227202463) അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | ബിൽ തുക (സെക്രട്ടറി എ.ഇ.യുടെ അക്കൗണ്ടി | എ.ഇ.കരാറുകാരന് നൽകിയ തുക | എ.ഇ.യുടെ ബാങ്ക് (No.37227202463) അക്കൗണ്ടിലുള്ള ബാക്കി തുക |
|---|---|---|---|

| | ലേക്ക് മാറ്റിയ തുക) | | |
|---|---|---|---|
| കെ.വി.രമേഷ് | 1996755 | 1916883 | 79872 |
| സുനിൽ.ടി.ഒ | 543780 | 522028 | 21752 |
| ആകെ | | | 101624 |

GST, IT, KCWWF നാളിതുവരെയും ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കാതെ എ.ഇ.യുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (23/27-01-2022) ക്ക് തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കരാറുകാർക്കുള്ള ബില്ലുകളിൽ നിന്നും കുറവ് ചെയ്ത നികുതികൾ ഉടൻ തന്നെ ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ- ലഘു അവലോകനം

2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 137 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 87 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. പ്രവൃത്തികൾ നടപ്പിലാക്കിയതിൽ 65 എണ്ണം സ്പിൽ ഓവറും 22 എണ്ണം പുതിയതുമാണ്. ₹58297740 വകയിരുത്തിയതിൽ ₹36649755 ആണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷത്തെ ആകെ ചെലവ് 62.87% മാത്രമാണ്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3075440 | 3017437 |
| വികസന ഫണ്ട് (എസ്.സി.പി) | 5125000 | 5015399 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11786596 | 7984547 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 920000 | 36208 |
| തനതു ഫണ്ട് | 3764704 | 2383359 |
| മെയി.ഫണ്ട്(റോഡ്) | 29476000 | 16373388 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 4150000 | 1839417 |
| ആകെ | 58297740 | 36649755 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

കൂടാതെ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം. 171/21– കോട്ട കോട്ടോപ്പാടം റോഡ് മെറ്റലിംഗം, ടാറിംഗം
- പ്രൊജക്ട് നം. 174/21– തോട്ടമൊക്ക് ബ്രാഞ്ച് റോഡ് സംരക്ഷണ പ്രവൃത്തികൾ
- പ്രൊജക്ട് നം. 175/21– കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് നിർമ്മാണം

3. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തിയതി എഴുതുന്നില്ല.

4. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം. 25/25.01.2022) ക്ക് മറുപടി ലഭ്യമാക്കിയില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ ധനസഹായം നൽകിയില്ല

പ്രൊജക്ട് നം.80/21-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ - രൂ.700000.00

ചെലവ്- രൂ.575000.00

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ - സർക്കാർ ഉത്തരവ് 22/2018/ത.സ്വ.ഭ.വ തീയത 14.2.18 ഖണ്ഡിക 7.1.6 (ബി) ലെ നിർദ്ദേശാനുസരണം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക (₹) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം ) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത | 1500 |
| 3 | പഠനസഹായി/സാമഗ്രികൾ (പ്രതിവർഷം) | 2000 |
| 4 | യാത്രാബത്ത (പ്രതിമാസം ) | 1000 |
| 5 | പഠന/ഉല്ലാസ യാത്ര(പ്രതിവർഷം) | 1000 |

സർക്കാർ ഉത്തരവ് (സാധാ) 25/2021/ത സ്വ ഭ വ തീ 5.1.21 പ്രകാരം 2020-21 വർഷം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോവിഡ് പശ്ചാത്തലത്തിലും മുഴുവൻ സാമ്പത്തികാനുകൂല്യങ്ങളും നൽകുവാൻ ഉത്തരവായിട്ടുണ്ട്. 2020-21 വർഷം ഗ്രാമ പഞ്ചായത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 28500 രൂപ ധനസഹായം നൽകുന്നതിനു പകരം 14200 രൂപ വീതമാണ് ധനസഹായം നൽകിയിട്ടുള്ളത്. മതിയായ തുക അടങ്കലിൽ ഉൾക്കൊള്ളിക്കാതെയും, അടങ്കലിൽ ഉൾപ്പെട്ട മുഴുവൻ ചെലവഴിക്കാതെയും പ്രൊജക്ട് നടപ്പാക്കിയതുമൂലം മാനസിക വെല്ലുവിളികൾ നേരിടുന്ന 40 വിദ്യാർത്ഥികൾക്ക് ഈയിനത്തിൽ അർഹതപ്പെട്ട 572000.00 രൂപ (40*14300) നൽകിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (10/21.1.22) ന് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്ടിൽ മതിയായ തുക അനുവദിക്കാത്തതിനാലാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന 40 വിദ്യാർത്ഥികൾക്ക് നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ സഹായം നൽകാൻ കഴിയാതിരുതതെന്നും വരും വർഷങ്ങളിൽ ആവശ്യമായ തുക ഉൾക്കൊള്ളിക്കാൻ നടപടികൾ

സ്വീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

സർക്കുലർ നം ഡിഎ1/192/2019/ത.സ്വ.ഭ .വ തീയതി 29.06.20 ലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതും, ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ തുക പൂർണ്ണമായും വിതരണം നടത്തേണ്ടതുമാണ്.

### 1-30 സ്റ്റാന്റിംഗ് ഡിസബിലിറ്റി ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് നം.80/21-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ - രൂ.700000.00

ചെലവ്- രൂ.575000.00

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം 14200.00 രൂപ വിതം ആനുകൂല്യം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ Standing Disability Assessment Board ൽ നിന്നും ലഭിച്ച ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയില്ല. ( ഓഡിറ്റിന് ഫോം നം 9 ലുള്ള സാക്ഷ്യപത്രമാണ് ലഭ്യമാക്കിയത്.)

1) ഫർസീന ടി എം, ജി എച്ച് എസ് പെരിങ്ങോട്ടുകുറിശ്ശി

2)ആതിര പി.,ജി എച്ച് എസ് പെരിങ്ങോട്ടുകുറിശ്ശി

3)അപർണ കെ സുരേഷ്, കെ എ എം യു പി എസ്, ചൂലന്നൂർ

Standing Disability Assessment Board ൽ നിന്നുള്ള ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.

### 1-31 പാലിന് സബ്സിഡി പ്രൊജക്റ്റ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ പാലിന് സബ്സിഡി നൽകുന്നതിനായി പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലുള്ള 6 ക്ഷീരസംഘങ്ങളിൽ 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിൽ പാലിന് സബ്സിഡി നല്കിയിട്ടുണ്ട്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. ഗ്രാമപഞ്ചായത്ത് പരിധിയിലെ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെയും ഗുണഭോക്താക്കളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ക്ഷീര സംഘം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | പെരിങ്ങോട്ടുകുർശ്ശി | 92 |
| 2 | ചൂലന്നൂർ | 54 |
| 3 | മണിയമ്പാറ | 68 |
| 4 | നടുവത്തപ്പാറ | 154 |
| 5 | പരുത്തിപ്പുള്ളി | 128 |
| 6 | മന്ദത്തുകാവ് | 92 |
| 7 | ആകെ | 588 |

പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ബിൽ/ചെക്ക് നം. | തുക | സബ്സിഡിയായി തുക നല്കിയ മാസങ്ങൾ |
|---|---|---|---|---|
| 100/21 ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സ്ഡി-ജനറൽ | 100000 - വികസന ഫണ്ട്- | 03/21 തീ.15.02.21 | 100000 | 2020 സെപ്റ്റംബർ |
| | 450000 ജില്ലാ വിഹിതം- | 02/21 തീ.06.02.21 | 450000 | 2020 ജൂൺ,ജൂലായ്, ആഗസ്റ്റ് |
| | ആകെ 550000 | ആകെ | 550000 | |

2020 മെയ് മാസത്തെയും, 2020 ഒക്ടോബർ മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിലും ആനുകൂല്യം നൽകിയിട്ടില്ല. മുഴുവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/18.01.2022) പഞ്ചായത്തിലുള്ള 6 ക്ഷീരസംഘങ്ങളിലായി പ്രതിമാസം ശരാശരി 50266 ലിറ്റർ പാല് സംഭരിച്ചിരുന്നുവെന്നും ആയതു പ്രകാരം ലിറ്ററിന് 3 രൂപ നിരക്കിൽ 1809576 രൂപ ഒരുവർഷം ആവശ്യമുണ്ടെന്നും അത്രയും തുക വകയിരുത്തുന്നതിനുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് മുഴുവൻ മാസങ്ങളിലേക്കുള്ള ആനുകൂല്യം നൽകാതിരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്താൻ ശ്രമിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിലുള്ള ആനുകൂല്യം നൽകുന്നതിനുള്ള തുക പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-32 സാന്ത്വനം- പാലിയേറ്റീവ് പരിചരണ പദ്ധതി-മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല.

പെരിങ്ങോട്ടുകുറിശ്ശി ഫാമിലി ഹെൽത്ത് സെന്ററിന്റെ പരിധിയിലുള്ള പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമായ മരുന്നുകൾ, ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 96/21 സാന്ത്വനം- പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ | 500000- വികസന ഫണ്ട്. |
| ബിൽ നമ്പർ | 25/2021 തീയതി. 79560 രൂപ |
| പ്രൊഫോർമ്മ ഇൻവോയ്സ് | 5645/22.02.2021 തീ.22.02.2021 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |

പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം 79560 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (A/c No 3624001800000019 -PNB തിരുവനന്തപുരം) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ലഭ്യമായ മരുന്നുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം . | തുക |
|---|---|
| 874/17.06.2021 | 16773 |

| | |
|---|---|
| 3532/09.07.2021 | 10061 |
| 4012/23.07.2021 | 503 |
| 5647/27.08.2021 | 11501 |
| 5992/12.09.2021 | 10818 |
| 6119/15.09.2021 | 17631 |
| 8254/02.11.2021 | 5600 |
| ആകെ | 72887 |

6673രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. അവശേഷിക്കുന്ന 6673രൂപയുടെ (79560 -72887) മരുന്നുകൾ സമയ ബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/18.01.2022) മരുന്നുകൾ ഘട്ടം ഘട്ടമായാണ് ലഭ്യമാകുന്നതെന്നും, ബാക്കി മരുന്നുകൾ അടിയന്തിരമായി എത്തിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ടിൽ വകയിരുത്തിയ തുകയുടെ വളരെ കുറച്ച് തുക മാത്രമേ ചെലവഴിച്ചിട്ടുള്ളത്. ഭാഗികമായ പദ്ധതി നിർവ്വഹണം ഒഴിവാക്കേണ്ടതും, ലഭ്യമായ മുഴുവൻ തുകയും വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-33 എസ്.എസ്.എ വിഹിതം - ചെലവിനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കണം

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ എഡ്യൂക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ തീയതി 25.1.18 ഖണ്ഡിക 5.2(2) ലെ നിർദ്ദേശാനുസരണം ഗ്രാമ പഞ്ചായത്ത്, ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള "എസ്.എസ്.എ. വിഹിതം നൽകൽ" പ്രൊജക്ടുകൾ പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് ( IFSC Code: CNRB000812 A/c No: 0812101063416) 856176.00 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം & പേര് | അടങ്കൽ | ബിൽ നം. /തിയതി | തുക |
|---|---|---|---|---|
| 1 | 79/21- എസ്.എസ്.എ വിഹിതം | രു.856176.00 (വികസന ഫണ്ട് ) | 8/20-21 തീ.9-7-20 | 856176.00 |

ഈ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ തുടർനടപടികൾ സ്വികരിക്കേണ്ടതാണ്

1) SSK ലഭ്യമാക്കിയ Annual Work Plan And Budget [AWP&B) പ്രകാരം പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ താഴെ പറയുന്ന ഇനങ്ങൾ നടപ്പാക്കുന്നതിന് എസ്.എസ്.എ വിഹിതത്തിൽ ഉൾപ്പെടുത്തി തുക നൽകിയിട്ടുണ്ട്.

എ) യൂണിഫോം - 1.50 ലക്ഷം രൂപ

ബി)Salary-Head Teacher Primary -3 ലക്ഷം രൂപ

സി) Foundation Literacy And Numeracy – 1.794 ലക്ഷം രൂപ

മേൽ ഇനങ്ങൾ നിർവഹിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ

വിശദാംശങ്ങളും, യഥാർത്ഥ ചെലവു വിവരങ്ങളും ബി.ആർ.സി യിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമാവുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

2) 2020-21വർഷത്തിൽ പെരിങ്ങോട്ടുകറിശ്ശി ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക് / പരിശീലന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ പറയുന്ന മാതൃകയിൽ ബി.ആർ.സി / ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും ലഭ്യമാക്കി, സമർപ്പിക്കുവാൻ താൽപ്പര്യപ്പെടുന്നു.

| ക്രമ നം | വിദ്യാലയത്തിന്റെ പേര് | പ്രവർത്തി / ഇനം | ആകെ ചെലവ് തുക | ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ എണ്ണം | മറ്റ് വിശദാംശങ്ങൾ |
|---|---|---|---|---|---|
| | | | | | |

( ഓഡിറ്റ് അന്വേഷണം നം - 9/20.1.22)

## 1-34 തൊഴിൽ രഹിത വേതനം - അനർഹരായ ഗുണഭോക്താക്കൾക്ക് നൽകി

കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങൾ, സർക്കാർ ഉത്തരവ് നം.338/2020/തൊഴിൽ തീയതി. 11.3.20 എന്നിവയിലെ നിബന്ധനകൾക്കു വിരുദ്ധമായി തൊഴിൽ രഹിത വേതനം വിതരണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു

### 1-34-1 അനർഹരായ ഗുണഭോക്താകൾക്ക് തൊഴിൽ രഹിത വേതനം നൽകി

കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങൾ പ്രകാരം ഗുണഭോക്താവിന്റെ കുടുംബവാർഷികവരുമാനം രൂ.12,000/- അധികരിക്കരുതെന്ന് വ്യവസ്ഥ ചെയ്യുന്നു. 2020-21 വർഷം തൊഴിൽ രഹിത വേതനം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ കുടുംബവാർഷികവരുമാന പരിധി അധികരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
വൗച്ചർ നം 22000240 /24.6.20 - തുക 21240.00

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്വിറ്റൻസ് രജിസ്റ്റർ പേജ് നം | അനുവദിച്ച തുക | വരുമാന സർട്ടിഫിക്കറ്റ് നം & തീയതി | വാർഷിക വരുമാനം |
|---|---|---|---|---|---|
| 1 | വിനീത D/o ബാലൻ | 14 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.46686088/ 5.5.20 | 36000.00 |
| 2 | ഷീജ വി | 19 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് - നം.4737826/ 23.6.20 | 24000.00 |
| 3 | ബിന്ദു കെ | 23 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് - നം.47288387/ 18.6.20 | 36000.00 |
| 4 | രാധിക പി | 25 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.46612770/ 23.3.20 | 36000.00 |

| | | | | | |
|---|---|---|---|---|---|
| 5 | പ്രസീദ കെ വി | 29 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് നം.46646185/ 24.4.20 | 48000.00 |
| 6 | രജനി | 38 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് നം.47313449/ 19.6.20 | 36000.00 |
| 7 | ആനന്ദൻ ടി സി | 41 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് നം.46636626/ 20.4.20 | 48000.00 |
| 8 | പ്രിയ എം എൻ | 43 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് നം.47311906/ 19.6.20 | 42000.00 |
| 9 | സരസ്വതി | 45 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് നം.47246848/ 16.6.20 | 36000.00 |
| 10 | ഷീബമോൾ | 47 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് നം.46973568/ 1.6.20 | 42000.00 |
| 11 | സിമി എം | 48 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് നം.47290317/ 18.6.20 | 36000.00 |
| 12 | രേഖ സി | 51 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് നം.46656422/ 28.4.20 | 36000.00 |
| 13 | ബിന്ദു | 53 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് നം.47178063/ 12.6.20 | 60000.00 |
| 14 | ലിജിത കെ എൽ | 54 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് നം.43644098/ 14.1019 | 30000.00 |
| 15 | രമ്യ കെ | 57 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് | 36000.00 |

| | | | | | |
|---|---|---|---|---|---|
| | | | | നം.47266009/ 17.6.20 | |
| 16 | രഞ്ജിത് എം ആർ | 46 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് – നം.46790621/18.5.20 | 42000.00 |
| 17 | രജിമോൾ | 58 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് – നം.47259197/ 17.6.20 | 36000.00 |
| 18 | മുകുന്ദൻ ടി ആർ | 59 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് – നം.47259115/ 17.6.20 | 48000.00 |
| 19 | സജിത വി | 61 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് – നം.47422798/ 25.6.20 | 42000.00 |
| 20 | കീർത്തി എം മേനോൻ | 55 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് – നം.47178023/ 12.6.20 | 144000.00 |

തൊഴിൽ രഹിത വേതനത്തിന് അനർഹരായ മേൽ ഗുണഭോക്താക്കൾക്ക് വേതന ഇനത്തിൽ അനുവദിച്ച രു.14400.00 മതിയായ വിശദീകരണത്തിന്റെ അഭാവത്തിൽ നിരാകരിക്കുന്നു. ഈ തുക ഗുണഭോക്താകളിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്. ഈ വിവരങ്ങൾ ഭാഗം 3 ൽ ഖണ്ഡിക 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-34-2 ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ രേഖകൾ സ്വീകരിക്കാതെ തൊഴിൽ രഹിത വേതനം വിതരണം നടത്തി

കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങൾ, സർക്കാർ ഉത്തരവ് നം.338/2020/തൊഴിൽ തീയതി. 11.3.20 എന്നിവയിലെ നിബന്ധനകൾ പ്രകാരം തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ വേതനം കൈപ്പറ്റുന്നതിന് താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1)കുടുംബവാർഷികവരുമാനം 12,000 രൂപയിൽ കുറവാണെന്ന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.

2)എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കിയിട്ടുണ്ടെന്ന് കാണിക്കുന്ന എംപ്ലോയ്മെന്റ് ഐഡന്റിറ്റി കാർഡ്

3)തൊഴിലുറപ്പുപദ്ധതിയിൽ ഗുണഭോക്താവല്ലെന്ന സാക്ഷ്യപത്രം

4)വ്യക്തിഗതവരുമാനം പ്രതിമാസം 100 രൂപയിലും കൂടുതൽ അധികരിക്കുന്നില്ലെന്ന സത്യവാങ്മൂലം

5)അനർഹമായി വേതനം കൈപ്പറ്റിയാൽ റവന്യൂ റിക്കവറി നിയമപ്രകാരം തിരിച്ചുപിടിക്കാമെന്നുള്ള സമ്മതപത്രം.

6)വേതന വിതരണ കാലയളവിൽ വിദ്യാർത്ഥിയായിരുന്നില്ലെന്നുള്ള സത്യവാങ്മൂലം

7)ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നുവെന്ന സത്യവാങ്മൂലം.

എന്നാൽ താഴെ പറയുന്ന ഗുണഭോക്താകൾക്ക് വേതനം അനുവദിക്കുന്നതിന് മേൽ അർഹത രേഖകൾ

ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അക്വിറ്റൻസ് രജിസ്റ്റർ പേജ് നം | അനുവദിച്ച തുക |
|---|---|---|---|
| 1 | സുനിത കെ വി | 16 | 720.00 |
| 2 | ജ്യോതി കെ പി | 17 | 720.00 |
| 3 | ഷാജു കെ സി | 20 | 720.00 |
| 4 | സുനിത | 27 | 720.00 |
| 5 | രജനി ടി വി | 36 | 720.00 |
| 6 | അനിത സി | 39 | 720.00 |
| 7 | അരുണാദേവി | 42 | 720.00 |
| 8 | സെലീന | 44 | 720.00 |
| 9 | ദീപ എ | 49 | 720.00 |
| 10 | സരിത എസ് | 22 | 120.00 |
| 11 | സുബ്രമണ്യൻ | 24 | 120.00 |
| 12 | ഷീബ | 32 | 120.00 |

ആനുകൂല്യത്തിന് അർഹമായ രേഖകൾ ഹാജരാക്കാതെ വേതന ഇനത്തിൽ വിതരണം ചെയ്ത 6840.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 പെൻഷൻ വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം

പെരിങ്ങോട്ടുക്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ 2019-20, 2020-21 വർഷങ്ങളിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട വസ്തുതകൾ താഴെ കൊടുക്കുന്നു.

L) ഗ്രാമപഞ്ചായത്തിൽ നിലവിൽ വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണവും, പ്രതിമാസം പെൻഷനുവേണ്ടി ചെലവഴിക്കേണ്ട തുകയും താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | സാമൂഹ്യസുരക്ഷാ പെൻഷൻ വിഭാഗം | പ്രതിമാസ നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം | പ്രതിമാസം ആവശ്യമായ തുക |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1600 | 650 | 1040000.00 |
| 2 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 2062 | 3299200.00 |
| 3 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി / മാനസികമായി | 1600 | 349 | 558400.00 |

| | | | | |
|---|---|---|---|---|
| | വെല്ലുവിളി നേരിടുന്നവർ | | | |
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1600 | 135 | 216000.00 |
| 5 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 1600 | 1308 | 2092800.0 |
| ആകെ | | | 4504 | 7206400 |

2) 2019-20, 2020-21 സാമ്പത്തിക വർഷം ഗുണഭോക്താക്കൾ മരണമടഞ്ഞതിനാലോ, പുനർ വിവാഹം നടത്തിയതിനാലോ, മറ്റ് കാരണങ്ങളാലോ പെൻഷൻ വിതരണം നടത്താതിരുന്നതിന്റെ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

3)വിതരണം ചെയ്യാത്ത പെൻഷൻ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ എക്കൗണ്ടിലേക്ക് തിരിച്ചടക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷം ഏജൻസി/ബാങ്കുകൾ വിതരണം ചെയ്യാത്ത തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

4) സർക്കാർ ഉത്തരവ് (എം എസ് നമ്പർ) 97/2020 തീയതി 23/9/2020 ഖണ്ഡിക 12 പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്. കൂടാതെ സർക്കാർ ഉത്തരവ് (എം എസ് നമ്പർ) 97/2020 തീയതി 23/9/2020 ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. ഈ നിർദ്ദേശ പ്രകാരം 2019-20, 2020-21 വർഷങ്ങളിൽ പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്തവരുടെ വിശദാംശങ്ങൾ ലഭ്യമല്ല

5)2019-20,2020-21 സാമ്പത്തിക വർഷം ഡയറക്ട് ടു ഹോം സേവനം നൽകുന്ന ബാങ്ക്/ഏജൻസികൾ ലഭ്യമാക്കിയ, മരണപ്പെട്ടതിനാലും പുനർവിവാഹം ചെയ്തതിനാലും പെൻഷൻ വിതരണം ചെയ്യാൻ കഴിയാതിരുന്നവരുടെ വിവരങ്ങൾ (പെൻഷൻ ഐ.ഡി, പേര്, ആധാർ നമ്പർ ഗുണഭോക്താവിനെ പെൻഷൻ പട്ടികയിൽ നിന്നും നീക്കം ചെയ്യാനുള്ള കാരണങ്ങൾ എന്നിവ) ബാങ്കുകൾ സമർപ്പിക്കാത്തതിനാൽ അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയ ഗുണഭോക്താക്കളുടെയും, അങ്കണവാടി ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയ ഗുണഭോക്താക്കളുടെയും, വിശദാംശങ്ങൾ ലഭ്യമല്ല.

6)സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഉള്ള പെൻഷൻ തുക അവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ലെന്ന് സർക്കാർ ഉത്തരവ് (എം എസ് നമ്പർ) 97/2020 തീയതി 23/9/2020 ഖണ്ഡിക 15 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ബാങ്ക്/പോസ്റ്റ് ഓഫീസ് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾ മരണപ്പെടുന്നത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ അവകാശികൾ കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചതിന്റെ വിവരങ്ങൾ

നിലവിൽ ലഭ്യമല്ല എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

7)സർക്കാർ ഉത്തരവ് (എംഎസ് നമ്പർ) 97/2020 തീയതി 23/9/2020 ഖണ്ഡിക 4 (lii) അനുസരിച്ച് നിയമപരമായി വിവാഹമോചനം നേടിയവരെ വിധവയായി കണക്കാക്കാനാവില്ലാത്തതിനാൽ, അവർക്ക് പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും, ഖണ്ഡിക 4(ii) പ്രകാരം ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് മറ്റു മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 4 (lv) പ്രകാരം ഉപേക്ഷിക്കപ്പെട്ടതല്ലാതെ ഭർത്താവിൽ നിന്നും അകന്നു കഴിയുന്ന വിധവയല്ലാത്ത വ്യക്തികൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നില്ല.

8) ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങളുടെ അടിസ്ഥാനത്തിൽ, ആക്ടീവ് പെൻഷൻ ഡാറ്റാബേസിൽ നിന്നും മരണമടഞ്ഞവരെ ഒഴിവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മരണമടഞ്ഞ പെൻഷൻ ഗുണഭോക്താക്കളുടെ ആധാർകാർഡിന്റെ പകർപ്പ് വാങ്ങുന്നുണ്ടെന്നും അതനുസരിച്ച് ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് അറിയിച്ചു.

9)സർക്കുലർ നം. 63/2021/ധനം തീയതി 02.08.2021 ലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മറ്റു തദ്ദേശ സ്ഥാപനങ്ങളിലേക്ക് വിവരങ്ങൾ കൈമാറുന്നില്ലെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പഞ്ചായത്ത് അറിയിച്ചു.

ഓഡിറ്റ് നിർദേശങ്ങൾ

(1) സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൃത്യമായും കാര്യക്ഷമമായും വിതരണം ചെയ്യുന്നതിനും, അനർഹരായവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്നും അർഹരായവർക്ക് അവർക്കർഹതയുള്ള കാലം മുതൽ അത് ലഭിക്കുന്നു എന്നുറപ്പുവരുത്തുന്നതിനും മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ് .

(2) വിതരണം ചെയ്യപ്പെടാത്ത പെൻഷൻ തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിക്കുകയും അത്രയും തുക സർക്കാർ നിർദേശിച്ച പ്രത്യേക ശീർഷകത്തിൽ സമയബന്ധിതമായി തിരിച്ചടക്കപ്പെടുന്നു എന്നുറപ്പു വരുത്തുകയും ചെയ്യുന്നതിനു വേണ്ടി ഓരോ ബാച്ച് പെൻഷൻ വിതരണത്തിനു ശേഷവും, വിതരണം ചെയ്യപ്പെടാത്ത തുക (പെൻഷൻ ഇനം തിരിച്ച്) സമർപ്പിക്കാൻ വിതരണ ഏജൻസികളോട് ആവശ്യപ്പെടേണ്ടതും ടി തുക സമയബന്ധിതമായി തിരിച്ചടക്കപ്പെടുന്നു എന്നുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

(3)അനർഹരായ വ്യക്തികൾക്ക് പെൻഷൻ ലഭിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിനും മരണപ്പെടുന്നതിലൂടെയും പുനർവിവാഹിതരാകുന്നതിലൂടെയും അനർഹരാക്കപ്പെടുന്ന പെൻഷണർമാരുടെ വിശദാംശങ്ങൾ സമയബന്ധിതമായി സെക്രട്ടറിയെ രേഖാമൂലം അറിയിക്കുന്നതിന് അതത് വാർഡുകളെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികളുടെ സഹായം തേടാവുന്നതുമാണ്.

## 1-36 തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്ട് നിർവ്വഹണം ക്രമ പ്രകാരമല്ല

2020-21 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പുതിയ തെരുവു വിളക്കുകൾ വാങ്ങി സ്ഥാപിക്കൽ പ്രൊജക്ടുകൾ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിക്കാതെയാണ് നടപ്പാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)പ്രോ.നം.185/21

പ്രൊജക്റ്റ്- തെരുവു വിളക്കുകൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ 210000.00രൂപ (ധനകാര്യ കമ്മീഷൻ ഗ്രാൻ്റ് )

ചെലവ് - 210000.00രൂപ (ബിൽ നം. 28/28.12.20)

സിൽക്ക് ഇൻവോയ്സ് നം. FUO/119-20/UR/143 തീ 8.6.20 രൂ.210000.00

എ. ലാമ്പുകളുടെ നിരക്ക്

പ്രൊജക്ട് പ്രകാരം 25 വാട്ടിൻ്റെ 60 എൽ ഇ ഡി വിളക്കുകൾ 3500.00 രൂപ നിരക്കിൽ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.

ബി. തീരുമാനങ്ങൾ

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. ഭരണസമിതിയുടെ 11-10-19 ലെ തീരുമാനം നം.2(1)

സി. അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

1. 25-07-2017ലെ സ.ഉ(പി)നം.95/2017/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിൻ്റെ അനുബന്ധത്തിലെ ക്രമ നം. 11 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്ട് മാനേജ്മെൻ്റ് കൺസൾട്ടൻ്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. SILK എന്ന സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെൻ്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല .

2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.46, 9.47, 9.48 എന്നിവയിൽ സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൻ്റെ ടെണ്ടറിലെ നിരക്ക് യുക്തിഭദ്രമാണോ (Reasonable) എന്ന് പരിശോധിക്കുവാനും യുക്തിഭദ്രമല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുമായി മാത്രം വില പേശൽ നടത്തി വില കുറവ് ചെയ്യുവാനും ഉദ്ദേശിച്ച നിരക്കിലേക്ക് കുറവ് ചെയ്യാത്തപക്ഷം പുനർടെണ്ടർ നടത്തേണ്ടതാണെന്ന നിബന്ധനയുമുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത വാങ്ങലുകൾ നേരിട്ടുള്ള വാങ്ങൽ നടത്തിയപ്പോൾ എപ്രകാരമാണ് എൽ.ഇ.ഡി ലാമ്പുകളുടെ വില നിശ്ചയിച്ചതെന്നതിന് രേഖകൾ ഇല്ല. മാത്രമല്ല മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുത്തി സ്ഥാപനത്തിൻ്റെ നിരക്കിൻ്റെ യുക്തിഭദ്രത ഉറപ്പാക്കിയിട്ടുമില്ല. നിരക്കിൻ്റെ യുക്തിഭദ്രത ഉറപ്പാക്കാതിരുന്നതിനാൽ ധനനഷ്ടം ഉണ്ടായിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു.

ഡി) ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം

ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റുകൾ തയ്യാറാക്കിയത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. പ്രോജക്റ്റിന്റെ അംഗീകാരത്തിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്റ്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല. നിർവ്വഹണം നടത്തുന്നതിനു മുമ്പായി നിർവ്വഹണ ഉദ്യോഗസ്ഥനും കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഇ) സപ്ലൈ ചെയ്തതിന്റെ വിവരം

ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

എഫ് ) എഗ്രിമെന്റ്

1)വാങ്ങിയ ലാമ്പുകൾക്ക് രണ്ട് വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നം. & തീ. ഇല്ല

കൂടാതെ കരാറുകളിൽ സിൽക്കിനു വേണ്ടി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും മുദ്ര പത്രങ്ങളിൽ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും

1. അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് അക്രഡിറ്റേഷൻ ഉത്തരവിനു വിരുദ്ധമായി സാധനങ്ങൾ നേരിട്ട് വിതരണം ചെയ്തത് ക്രമപ്രകാരമല്ല. സ്ഥാപനത്തിന്റെ അർഹത പരിശോധിക്കാതിരുന്നതും സ്ഥാപനം ഓഫർ ചെയ്ത നിരക്കിന്റെ യുക്തിഭദ്രത വിലയിരുത്താതിരുന്നതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയാണ്. ആയത് ആവർത്തിക്കാതിരിക്കേണ്ടതാണ്.

2. വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

3) 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. തുടർന്നുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്.
4. തുടർ വർഷങ്ങളിൽ നിലാവ് പോലുള്ള പദ്ധതികളുടെ സാധ്യതകൾ കൂടി പരിഗണിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 അസാധാരണ ചെലവുകൾ-രജിസ്റ്റർ പരിപാലിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്(ചട്ടം 3). മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി (ചട്ടം 4). പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ അസാധാരണ ചെലവുകൾക്ക് വേണ്ടി രജിസ്റ്റർ പരിപാലിക്കുകയോ ഈയിനത്തിലെ ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുകയോ ചെലവ് പരിധി പാലിക്കുകയോ

മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്യുന്നില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. 2020-21 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം. & തീയതി | ഇനം | തുക |
|---|---|---|---|
| 1 | 295/14.7.20 | വിവിധ ഉദ്ഘാടനങ്ങൾ | 5100 |
| 2 | 298/15.7.20 | ഫുൾ എ+ പാരിതോഷികം | 5100 |
| 3 | 354/4.8.20 | FHC ഉദ്ഘാടനം | 6000 |
| 4 | 492/16.9.20 | ഒളപ്പമണ്ണ സ്മാരകം - പൊന്നാട | 1500 |
| 5 | 497/22.9.20 | ഒളപ്പമണ്ണ സ്മാരകം - ബാനർ | 2650 |
| 6 | 502/22.9.20 | വിവിധ ഉദ്ഘാടനം-ഫോട്ടോ | 3000 |
| 7 | 653/14.10.20 | ഒളപ്പമണ്ണ സ്മാരകം-നോട്ടീസ് | 1500 |
| 8 | 672/17.10.20 | ഒളപ്പമണ്ണ സ്മാരകം-സൗണ്ട് സിസ്റ്റം | 2500 |
| 9 | 822/11.11.20 | റോഡ് ഉദ്ഘാടനം - ഫോട്ടോ | 1000 |

സർക്കുലർ നം.451/എഫ്.എം2/2015/ത.സ്വ.ഭ.വ തീയതി 17.12.2015 പ്രകാരം അസാധാരണ ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി കണക്കാക്കി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20/27.1.22) ചെലവുകൾക്ക് കൃത്യമായി രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും അനുവദിനീയമായ പരിധിയിൽ അധികരിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

1-38 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവുകൾക്ക വിരുദ്ധം

1. 2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർധ-സർക്കാർ, സർവകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം അടുത്ത 3 മാസത്തേക്ക് മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020 നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പറഞ്ഞ ഉത്തരവ് തീയ്യതി മുതൽ 3 മാസത്തേക്ക് ഈ അവകാശം മാറ്റിവെക്കുന്നു എന്നായിരുന്നു സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത്. 27.04.2020-ലെ GO(P) No. 49/2020/Fin. ഉത്തരവ് മുഖേന താൽക്കാലിക ജീവനക്കാരെക്കൂടി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

2. 17.07.2020 -ലെ GO(P) No. 94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ ഉത്തരവ്

പ്രകാരമുള്ള കാലാവധി 15.09.2020 വരെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായി.

3. മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലൂടെ കാലാവധി ദീർഘിപ്പിക്കപ്പെട്ട, ആർജിതാവധി സറണ്ടർ ആനുകൂല്യം, പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

(ആർജിതാവധി സറണ്ടർ ആനുകൂല്യം മരവിപ്പിച്ച നടപടി 01.06.2021 മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടു. O(P) No. 160/2021/ Fin. Dated 01/12/2021 പ്രകാരം ഇത് ഈ സാമ്പത്തികവർഷാവസാനം വരെ വീണ്ടും ദീർഘിപ്പിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ, ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള ജീവനക്കാരുടെ അവകാശം, മേൽ പറഞ്ഞ വിവിധ ഉത്തരവുകളിലൂടെ 16.4.20 മുതൽ 31.03.2022 വരെ മാറ്റിവെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക (ആർജിതാവധി സറണ്ടർ തുക) | വൗച്ചർ നം, തീയതി & ചെക്ക് നം, തീയ്യതി |
|---|---|---|---|---|
| 1 | ശ്രീമതി ലതിക വി | HC- | 44090/- | വൌച്ചർ നമ്പർ. 484/ 15.9.20 ചെക്ക് നം. 06746/16.9.20 |
| 2 | ശ്രീമതി സുനിത ബേബി | സീനിയർ ക്ലാർക്ക് | 39050/- | |
| 3 | ശ്രീമതി ധന്യ വി | സീനിയർ ക്ലാർക്ക് | 31240/- | |
| 4 | ശ്രീ.ഷിബു കെ | ക്ലാർക്ക്- | 25000/- | |
| 5 | ശ്രീമതി .സുജിത എസ് | ക്ലാർക്ക്- | 24400/- | |
| | ആകെ | | 163780/- | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റിയതിലൂടെ 163780.00രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്.

ആയതിനാൽ 2020-21 ൽ 16.04.2020 തീയതിക്കു ശേഷം ഈയിനത്തിൽ പണമാക്കിയ മാറ്റിയ തുക 1,86,350/ രൂപ തുക കൈപ്പറ്റിയ ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയത് 20.11.2021 നകം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് 27.1.22 തീയതിയിൽ നൽകിയ 22- നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്

1. GO (P) No.42/2020/Fin. Dated 16.04.2020 നമ്പർ പ്രകാരം ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള

അവകാശം 16.04.2020 മുതൽ തുടർച്ചയായ ഉത്തരവുകളിലൂടെ 31.03.2022 വരെ മാറ്റിവെക്കപ്പെട്ടിട്ടുണ്ട്. അതായത്, ഇതു സംബന്ധിച്ച് 16.04.2020 ന് ശേഷം ഇറക്കപ്പെട്ട ഓരോ ഉത്തരവുകളും, ഇത് സംബന്ധിച്ചുള്ള മുൻഉത്തരവുകളിൽ പരാമർശിക്കപ്പെട്ട കാലയളവ് തുടർച്ചയായി ദീർഘിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്. (ഓരോ ഉത്തരവുകളിലും, ഇതു സംബന്ധിച്ച് ഇറക്കിയ മുൻ ഉത്തരവുകൾ പരാമർശിച്ചാണ് പണമാക്കി മാറ്റാനുള്ള അവകാശം മരവിപ്പിച്ച നടപടി തുടർച്ചയായി ദീർഘിപ്പിച്ചിട്ടുള്ളത്. )

2. 16.04.2020 തീയതി മുതൽ മാറ്റിവെക്കപ്പെട്ട, ആർജിതാവധി സറണ്ടർ ആനുകൂല്യം നാളിതുവരെ പുന:സ്ഥാപിക്കപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കപ്പെട്ടില്ല.

3. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന - വേതന വ്യവസ്ഥകൾ പഞ്ചായത്ത് ജീവനക്കാർക്കും ബാധകമാണെന്നിരിക്കെ ഇവ സംബന്ധിച്ച് സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മേൽ പറഞ്ഞ ജീവനക്കാർക്ക് ബാധകമാണ്. മാത്രമല്ല ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റിവെക്കപ്പെട്ട ഉത്തരവ് പരിധിയിൽ ടി ജീവനക്കാർ കൂടി ഉൾപ്പെടുമെന്ന് സർക്കാർ മേൽ പറഞ്ഞ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

4. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് ആർജിതാവധി പണമാക്കി നൽകിയത് എന്നതിനാൽ ഈ ഉത്തരവുകൾ പഞ്ചായത്ത് ജീവനക്കാർക്ക് ബാധകമല്ല എന്ന സെക്രട്ടറിയുടെ മറുപടിയും സാധൂകരിക്കത്തക്കതല്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 212 ൽ ഉപവകുപ്പ് 2, 3 എന്നിവയിൽ പഞ്ചായത്ത് ഫണ്ട് ഏതെല്ലാം വരുമാന മാർഗ്ഗങ്ങൾ കൂടിച്ചേർന്നാണ് രൂപീകൃതമാകുന്നത് എന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമപ്രകാരം ചുമത്തപ്പെടുന്ന വിവിധ നികുതികളിൽനിന്നുള്ള വരുമാനം, ഡ്യൂട്ടികൾ, കരങ്ങൾ, സർചാർജ് എന്നിവയിൽ നിന്നുള്ള വരുമാനം, വിവിധ നികുതിയേതര വരുമാന മാർഗ്ഗങ്ങൾ, കേന്ദ്ര- സംസ്ഥാന സർക്കാർ ധനസഹായങ്ങൾ, മറ്റു പലവക വരുമാന മാർഗ്ഗങ്ങൾ എന്നിവ ചേർന്നാണ് പഞ്ചായത്ത് ഫണ്ട് രൂപീകൃതമാകുന്നത്. സംസ്ഥാന സർക്കാരിന്റെ വരുമാന മാർഗ്ഗങ്ങൾ പോലെ തന്നെ പൊതു ജനങ്ങളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്നതാണ് പഞ്ചായത്ത് ഫണ്ടും എന്നിരിക്കെ കോവിഡ് മാഹാമാരിയുടെ പ്രതിസന്ധിയെ ഫലപ്രദമായി നേരിടുന്നതിനും ധനദൃഢീകരണം സാധ്യമാക്കുന്നതിനും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വ്യയ നിയന്ത്രണ നിർദേശങ്ങളും സാമ്പത്തിക അച്ചടക്ക നടപടികളും തദ്ദേശ സ്ഥാപനങ്ങൾക്കും അവയുടെ ജീവനക്കാർക്കും ബാധകമാണ്.

5. 5.11.2020 – ലെ 152/2020 ധന. ഉത്തരവിൽ, ഇതു സംബന്ധിച്ച മുൻ ഉത്തരവുകൾ (സർക്കാർ ഉത്തരവ് (അ) നം 42/2020/ധന. തീയതി 16.4.2020, സർക്കാർ ഉത്തരവ് (അ) നം 43/2020/ധന. തീയതി 17.4.2020, സർക്കാർ ഉത്തരവ് (അ) നം 94/2020/ധന, തീയതി 17.7.2020) പരാമർശിച്ചിട്ടുണ്ട്. ഈ മുൻ ഉത്തരവുകൾ പ്രകാരം നിലവിൽ മാറ്റി വെച്ചിരിക്കുന്ന ലീവ് സറണ്ടർ ആനുകൂല്യം പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണ് എന്നാണ് 152/2020 നമ്പർ ഉത്തരവിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളത്. മാറ്റി വെച്ചിരിക്കുന്ന ലീവ് സറണ്ടർ ആനുകൂല്യം പി.എഫ് ഇല്ലാത്ത ജീവനക്കാർക്കു മാത്രമേ പണമായി പിൻവലിക്കുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ളൂ. എന്നാൽ ഈ ഉത്തരവ് പാലിക്കാതെ ആർജിതാവധി പണമാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. അപാകത നാളിതുവരെ പരിഹരിച്ചിട്ടുമില്ല.

6. ഇപ്രകാരം പി.എഫിൽ ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ പിൻവലിക്കാൻ അനുവദിക്കുകയുള്ളൂ എന്ന് നിർദേശിക്കപ്പെട്ടിരുന്നെങ്കിലും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ ഉത്തരവ് പ്രകാരം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മേൽ പറഞ്ഞ നടപടി ദീർഘിപ്പിച്ചു. പിന്നീട് GO(P) No. 160/2021/ Fin. Dated 01/12/2021 നമ്പർ ഉത്തരവ് പ്രകാരം ഇത് 31.03.2022 വരെ വീണ്ടും ദീർഘിപ്പിച്ചിട്ടുണ്ട്.

7. 16.4.2020 നു ശേഷം ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള അവകാശം പുന:സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നിരിക്കെ തൊട്ടടുത്ത വർഷമായ 2020-21 -ലെ ആർജിതാവധിയും പണമാക്കി

മാറ്റിയിട്ടുണ്ട്. (2021-22 വർഷത്തിൽ പണമാക്കി മാറ്റിയ 2020-21 -ലെ ആർജിതാവധി)

ആയതിനാൽ ഇതു സംബന്ധിച്ച് പഞ്ചായത്ത് നൽകിയ മറുപടി തൃപ്തികരമല്ല. ആർജിതാവധി പണമാക്കി മാറ്റിയ നടപടിയിൽ ഭരണ വകുപ്പിന്റെ അനുമതി ലഭ്യക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള കണക്ഷൻ- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി വിഹിതം ചെലവഴിച്ചു

കുടിവെള്ളം ഗാർഹിക കണക്ഷനായി നൽകുന്നതിലേക്കായി 2 കുടിവെള്ള പദ്ധതികൾ തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഈ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും പേരും | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നം. & തീയതി | എം ബുക്ക് നം. | കരാറു കാരന്റെ പേര് |
|---|---|---|---|---|---|---|
| 1 | 65/21, ചക്കാംപുറം പ്രദേശത്ത് ശുദ്ധജല വിതരണം (ജനറൽ വിഭാഗം) | 440000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 374804 | 28/ 28.03.2021 | 44/2020-21 | വിൽസൺ. ആർ |
| 2 | 71/21, തുവ്വക്കാട് കുടിവെള്ള വിതരണ പദ്ധതി (ജനറൽ വിഭാഗം) | 100000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 98280 | 27/ 28.03.2021 | 46/2020-21 | വിൽസൺ. ആർ |

1) ക്രമ നം.1 പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ 48 ഗുണഭോക്താക്കൾക്കും, ക്രമ നം.2 പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ 14 ഗുണഭോക്താക്കൾക്കും, ക്രമ നം.3 പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ 22 ഗുണഭോക്താക്കൾക്കും കുടിവെള്ളം ഗാർഹിക കണക്ഷനായി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ {സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീയതി.14.02.2018, ഖണ്ഡിക നം.6.6} പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നും ഗാർഹിക കുടിവള്ള കണക്ഷൻ എടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് സബ്സിഡി തുക അനുവദിക്കേണ്ടത്.

ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണമെന്ന്

മാർഗ്ഗരേഖയിൽ പറയുന്നുണ്ടിങ്കിലും മേൽ പ്രോജക്റ്റുകൾ അസിസ്റ്റന്റ് എഞ്ചിനീയർ ടെണ്ടർ മുഖേനയാണ് നടപ്പിലാക്കിയത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്ക് ചെലവായ യഥാർത്ഥ തുക സബ്സിഡിയായി അനുവദിക്കാവുന്നതാണ്. എന്നാൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷന് പരമാവധി ചെലവഴിക്കാവുന്ന തുക 5000 രൂപ (ഒരു ഗുണഭോക്താവിന്) യാണ്. കുടിവെള്ള കണക്ഷന് സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നേരിട്ട് അനുവദിക്കുന്നതിന് പകരം കരാറുകാരൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്.

2) ക്രമ നം.1, 2 എന്നിവ പ്രകാരമുള്ള ബില്ലുകൾ പരിശോധിച്ചതിൽ ഗാർഹിക കണക്ഷന് മാത്രം 6000 രൂപ നിരക്കൽ (ബില്ലിലെ സീരിയൽ നം.4 പ്രകാരമുള്ള ഇനം (Providing House Connection As Per The Previling Regulations And Rules Of Kerala Water Authority Including The Supply And Fitting) 62 (48+14) ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന തുക 5000 രൂപ വീതം മാത്രമാണ്. ബാക്കി തുക 1000 രൂപ വീതം ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം വാങ്ങി പദ്ധതി നടപ്പിലാക്കാത്തതു കാരണം പദ്ധതി ഫണ്ടിന് 62000 രൂപ (62*1000) അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ആയത് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായി അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ നേരിട്ട് ചെയ്ത് സബ്സിഡി അനുവദിക്കുന്നതിനു പകരം ഇപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്റ്റുകൾ ടെണ്ടർ മുഖേന നടപ്പിലാക്കിയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 14/24-1-2022, 18/25-01-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിയില്ല.

3-2 അനർഹരായ ഗുണഭോക്താക്കൾക്ക് തൊഴിൽ രഹിത വേതനം നൽകി - ചെലവ് രൂ.14400.00 നിരാകരിക്കുന്നു

കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങൾ പ്രകാരം ഗുണഭോക്താവിന്റെ കുടുംബ വാർഷികവരുമാനം രു.12,000/- അധികരിക്കരുതെന്ന് വ്യവസ്ഥ ചെയ്യുന്നു. 2020-21 വർഷം തൊഴിൽ രഹിത വേതനം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ കുടുംബവാർഷികവരുമാന പരിധി അധികരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വൗച്ചർ നം 22000240 /24.6.20 - തുക 21240.00

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്വിറ്റൻസ് രജിസ്റ്റർ പേജ് നം. | അനുവദിച്ച തുക | വരുമാന സർട്ടിഫിക്കറ്റ് നം. & തീയതി | വാർഷിക വരുമാനം |
|---|---|---|---|---|---|
| 1 | വിനീത D/o ബാലൻ | 14 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.46686088/ 5.5.20 | 36000.00 |
| 2 | ഷീജ വി | 19 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് - നം.4737826/ 23.6.20 | 24000.00 |
| 3 | ബിന്ദു കെ | 23 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് - നം.47288387/ 18.6.20 | 36000.00 |

| | | | | | |
|---|---|---|---|---|---|
| 4 | രാധിക പി | 25 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.46612770/ 23.3.20 | 36000.00 |
| 5 | പ്രസീദ കെ വി | 29 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.46646185/ 24.4.20 | 48000.00 |
| 6 | രജനി | 38 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് - നം.47313449/ 19.6.20 | 36000.00 |
| 7 | ആനന്ദൻ ടി സി | 41 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.46636626/ 20.4.20 | 48000.00 |
| 8 | പ്രിയ എം എൻ | 43 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് - നം.47311906/ 19.6.20 | 42000.00 |
| 9 | സരസ്വതി | 45 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.47246848/ 16.6.20 | 36000.00 |
| 10 | ഷീബമോൾ | 47 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് - നം.46973568/ 1.6.20 | 42000.00 |
| 11 | സിമി എം | 48 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് - നം.47290317/ 18.6.20 | 36000.00 |
| 12 | രേഖ സി | 51 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.46656422/ 28.4.20 | 36000.00 |
| 13 | ബിന്ദു | 53 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.47178063/ 12.6.20 | 60000.00 |
| 14 | ലിജിത കെ എൽ | 54 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.43644098/ 14.1019 | 30000.00 |
| 15 | രമ്യ കെ | 57 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.47266009/ 17.6.20 | 36000.00 |
| 16 | രഞ്ജിത് എം ആർ | 46 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.46790621/ 18.5.20 | 42000.00 |
| 17 | രജിമോൾ | 58 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.47259197/ 17.6.20 | 36000.00 |

| | | | | | |
|---|---|---|---|---|---|
| 18 | മുകുന്ദൻ ടി ആർ | 59 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.47259115/ 17.6.20 | 48000.00 |
| 19 | സജിത വി | 61 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-2 വില്ലേജ് - നം.47422798/ 25.6.20 | 42000.00 |
| 20 | കീർത്തി എം മേനോൻ | 55 | 720.00 | പെരിങ്ങോട്ടുകുറുശ്ശി-1 വില്ലേജ് - നം.47178023/ 12.6.20 | 144000.00 |

തൊഴിൽ രഹിത വേതനത്തിന് അനർഹരായ മേൽ ഗുണഭോക്താക്കൾക്ക് വേതന ഇനത്തിൽ അനുവദിച്ച രൂ 14400.00 മതിയായ വിശദീകരണത്തിന്റെ അഭാവത്തിൽ നിരാകരിക്കുന്നു. ഈ തുക ഗുണഭോക്താകളിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 19.01.2022 മുതൽ 31.01.2022 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2018-19 | 27825 | ലൈഫ് ഭവനം | 0 | 27825 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1312172 | 192/21, ലൈഫ് ഭവനം (എസ്.സി.പി) | 1312172 | 0 |
| | 2019-20 | 640000 | 195/21 ലൈഫ്ഭവനം (ജനറൽ-സ്പിൽ ഓവർ) | 640000 | 0 |
| | 2020-21 | 1205750 | 86/21 നെൽകൃഷിക്ക് കൂലി ചെലവ് (ജനറൽ) | 1205750 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 37083 | 87/21 നെൽകൃഷിക്ക് കൂലി ചെലവ് (എസ് സി.പി) | 37083 | 0 |
| | 2020-21 | 320000 | 82/21 ലൈഫ് ഭവനം (എസ്.സി.പി) | 320000 | 0 |
| | 2020-21 | 75000 | 80/21 ശാരീരിക മാനസിക വെല്ലുവിളി- സ്കോളർഷിപ്പ് | 75000 | 0 |
| | ആകെ | 386830 | | 3590005 | 27825 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 12500 | ഹരിയാലി | 0 | 12500 |
| | 2019-20 | 760000 | 195/21 ലൈഫ്ഭവനം (ജനറൽ-സ്പിൽ ഓവർ) | 760000 | 0 |
| | 2020-21 | 2080000 | 139/21നെൽകൃഷിക്ക് കൂലി ചെലവ് (ജനറൽ-സ്പിൽ ഓവർ) | 2080000 | 0 |
| | 2020-21 | 2080000 | 86/21 നെൽകൃഷിക്ക് കൂലി ചെലവ് (ജനറൽ) | 2080000 | 0 |
| | 2020-21 | 100000 | 87/21 നെൽകൃഷിക്ക് കൂലി ചെലവ് (എസ് സി.പി) | 100000 | 0 |
| | 2019-20 | 100000 | 143/21 ക്ഷീര സംഘങ്ങൾ മുഖേനെ വിതരണം- ചെയ്യുന്ന പാലിന് സബ്സിഡി- ജനറൽ-സ്പിൽ ഓവർ) | 100000 | 0 |
| | 2020-21 | 450000 | 100/21 ക്ഷീര സംഘങ്ങൾ മുഖേനെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 450000 | 0 |
| | 2020-21 | 200000 | 80/21 ശാരീരിക മാനസിക വെല്ലുവിളി- സ്കോളർഷിപ്പ് | 200000 | |
| | ആകെ | 5782500 | | 577000 | 12500 |

* സംയുക്ത പ്രോജക്ടിലെ തുകകളിലെ വരവ്- ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബിൽ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പ്രകാരമുള്ള യഥാർത്ഥ ചെലവാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. വ്യത്യാസം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകുകയും ആയത് പരാമർശമായി ഭാഗം 1ൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 109/21 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 6/11.05.20 05/11.05.20 | 190086 133229 323315 | 323315 | 0 |
| | 216/21 വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 27/11.09.20 46/26.02.21 | 21130 78870 100000 | 100000 | 0 |
| | 219/21 സ്ട്രീറ്റ് ലൈൻ വലിക്കൽ | 30/08.10.20 | 96832 | 96832 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | LF 511/2018 | 14014105 | 12969987 | 1097216 | - | 11872771 |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം. 957/10 തിയതി 20-3-2010 | 6863000 | 1410224 | 1000000 | - | 410224 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഖണ്ഡിക | തുക | രസീതി | തുക ഒടുക്കിയ |
|---|---|---|---|---|

| വർഷം | നം. | | നം. / തിയതി | ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| ഒന്നുമില്ല | | | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഒന്നുമില്ല | | | | | |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 115435560 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100400296 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 76400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6840 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 62000 | ശ്രീമതി.വിദ്യ.കെ.കെ |
| 3-2 | | 14400 | ശ്രീ.ബാബു.ഒ.എ സെക്രട്ടറി |
| | ആകെ | 76400 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഒന്നുമില്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34(2) | 6840 | ശ്രീ.ബാബു.ഒ.എ സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | | ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാബു.ഒ.എ | സെക്രട്ടറി | ഓരംപള്ളം വീട്, കാളികാവ് റോഡ്, മങ്കര പി.ഓ, പാലക്കാട് |
| ശ്രീമതി.വിദ്യ.കെ.കെ | അസി. എഞ്ചിനിയർ | കാളൻ ഹൗസ് പൂല്ലറ്റ് പി.ഓ, വി.ടിനന്ദകുമാർറോഡ്, കൊടുങ്ങല്ലൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി 7-303/98 /09.07.98 | 2 |
| 1997-98 | എൽ.എഫ്.പി 9419/99 /04.11.99 | 12 |
| 1998-99 | എൽ.എഫ്.പി -15/364/03/ 13.08.2003 | 14 |
| 1999-2000 | എൽ.എഫ്.പി -15/210 /09/04.05.2009 | 12 |
| 2000-01 | എൽ.എഫ്.പി -15-518/2009 /7.01.2011 | 7 |
| 2001-02 | എൽ.എഫ്.പി -15-1002/2006/24.06.2008 | 12 |
| 2002-03 | എൽ.എഫ്.പി -15/1663 /2011/18.10.2011 | 3 |
| 2003-04 | എൽ.എഫ്.പി -15/1642 /2008/04.06.2010 | 6 |
| 2004-05 | എൽ.എഫ്.പി -15-1665/2011 /18.10.2010 | 4 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.പി -15-205/2011 /05.03.2011 | 2 |
| 2006-07 | എൽ.എഫ്.പി -15-1645/2008/04.06.2010 | 2 |
| 2007-08 | എൽ.എഫ്.പി -സ്പെ.സെൽ/സി.എസ്.സി /ഡി3/2013/25.05.2014 | 2 |
| 2008-09 | എൽ.എഫ്.പി -15/560 /2013/23.10.2013 | 2 |
| 2009-10 | എൽ.എഫ്.പി -15/952 /2010/31.08.2010 | 2 |
| 2010-11 | എൽ.എഫ്.പി -15/357 /2014/05.07.2014 | 5 |
| 2011-12 | എൽ.എഫ്.പി -15/357 /2014/05.07.2014 | 3 |
| 2012-13 | കെ.എസ്.എ/പി.കെ.ഡി-15/809/2017/7.12.2017 | 2 |
| 2013-14 & 2014-15 | കെ.എസ്.എ/പി.കെ.ഡി-15/1135/2017/19.01.2018 | 7 |
| 2015-16 | കെ.എസ്.എ/പി.കെ.ഡി-15/212/2016/9.05.2017 | 7 |
| 2016-17 | കെ.എസ്.എ/പി.കെ.ഡി-15/1963/2017/7.03.18 | 15 |
| 2017-18 | കെ.എസ്.എ/പി.കെ.ഡി-15/2422/2018/13.02.2019 | 18 |
| 2018-19 | കെ.എസ്.എ/പി.കെ.ഡി-15/814/2020/27.05.2020 | 21 |
| 2019-20 | കെ.എസ്.എ/പി.കെ.ഡി-11/412/19.2.2022 | 12 |

ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

| Peringottukurissi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 52826003.80 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 308446.00 |
| 312000000 | Reserves | B-3 | 106984192.00 |
| | Total Reserve & Surplus | | 160118641.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9814518.00 |
| | Total Grants, Contributions for Specific Purposes | | 9814518.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 12282995.00 |
| | Total Loans | | 12282995.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 637345.00 |
| 350000000 | Other Liabilities | B-9 | 1135279.20 |
| | Total Current Liabilities and Provisions | | 1772624.20 |
| | TOTAL LIABILITIES | | 183988779.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 184229061.00 |
| 411000000 | Accumulated Depreciation | B-11 | -31818137.00 |
| 412000000 | Capital Work in Progress | B-11(a) | 2139823.00 |
| | Total Fixed Assets | | 154550747.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 701769.00 |
| 440000000 | Pre-paid Expenses | B-16 | 12282995.00 |
| 450000000 | Cash and Bank Balance | B-17 | 15035264.00 |
| 460000000 | Loans, Advances and Deposits | B-18 | 1418004.00 |
| | Total Current Assets, Loans and Advances | | 29438032.00 |
| | Other Assets | | |
| Miscellaneous Expenditure (To the Extent not written | | | |

| | |
|---|---|
| off) | |
| TOTAL ASSETS | 183988779.00 |

Peringottukurissi Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3090628.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 457692.00 |
| 140000000 | Fee & User Charges | I-4(b) | 461952.00 |
| 150000000 | Sale & Hire Charges | I-5(b) | 167554.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 188517702.00 |
| 171000000 | Interest Earned | I-8 | 368823.00 |
| 180000000 | Other Income | I-9 | 7070.00 |
| | Total Income | | 193071421.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8512705.00 |
| 220000000 | Administrative Expenses | I-11(b) | 2229846.00 |
| 230000000 | Operations & Maintenance | I-12(b) | 2136423.00 |
| 240000000 | Interest & Finance Charges | I-13 | 3474.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13787661.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 59626908.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 12451591.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1581032.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan | I-14(d) | 62354650.00 |

| | | | |
|---|---|---|---|
| | Programme) | | |
| 255000000 | Maintenance Projects | I-14(e) | 8250882.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 1181077.00 |
| 272000000 | Depreciation | I-17(a) | 11008570.00 |
| | Total Expenditure | | 183124819.00 |
| | Gross Surplus/ Deficit of income over Expenditure | | 9946602.00 |
| 280000000 | Prior Period Item | I-18 | 229490.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 9717112.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Peringottukurissi Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17805328.00 |
| Cash | Cash | RP-40(a) | 7000.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 738240.00 |
| 140000000 | Fees & User Charges | RP-4 | 385292.00 |
| 150000000 | Sale & Hire Charges | RP-5 | 167554.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 75955295.00 |
| 171000000 | Interest Earned | RP-9 | 368823.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13159869.00 |
| 350000000 | Other Liabilities | RP-36 | 49245.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7070.00 |
| 311000000 | Earmarked Funds | RP-29 | 300875.00 |
| 340000000 | Deposits Received | RP-34 | 252169.00 |
| 350000000 | Other Liabilities | RP-36 | 1771735.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3065669.00 |
| 460000000 | Loans, Advances and Deposits | RP-47 | 1401396.00 |
| | Grand total | | 115435560.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2532312.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 2229846.00 |
| 230000000 | Operations & Maintenance | RP-13 | 2142131.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 13305261.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 23045884.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 12451591.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 581032.00 |
| 254000000 | Expenditures of Transferred institutions and State-Sponsored Schemes | RP-19 | 1789250.00 |
| 255000000 | Maintenance Projects | RP-20 | 8250882.00 |
| 280000000 | Prior Period item | RP-26 | 217683.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1744021.00 |
| 350000000 | Other Liabilities | RP-36 | 3986543.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3474.00 |
| 330000000 | Secured Loans | RP-32 | 1000000.00 |
| 340000000 | Deposits Received | RP-34 | 58500.00 |
| 350000000 | Other Liabilities | RP-36 | 3210189.00 |
| 410000000 | Fixed Assets | RP-38 | 9298136.00 |
| 412000000 | Capital work in Progress | RP-40 | 10743989.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 615805.00 |
| 440000000 | Pre-paid Expenses | RP-45 | 1400000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1793767.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14925193.00 |
| Cash | Cash | RP-40(b) | 110071.00 |
| | | Grand Total | 115435560.00 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)